01
വ്യാഴം
ഡിസംബർ 2022
1198 വൃശ്ചികം 15

ലോകത്തിന്റെ കണ്ണുകൾ പന്തിന് പിറകെ....

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com

# എൻ.ഐ.എ എത്തി; വിഴിഞ്ഞം ഇനി കളി കാണാം



**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖ വിരുദ്ധ സമരത്തിന് വിദേശ സഹായ മുൾപ്പെടെയുണ്ടെന്ന നിഗമനത്തിൽ രഹസ്യ നിരീക്ഷണം നടത്തിവന്ന ദേശീയ അന്വേഷണ ഏജൻസി ( എൻ.ഐ. എ ),പോപ്പുലർ ഫ്രണ്ടിന് പൊലീസ് സ്റ്റേഷൻ ആക്രമത്തിൽ പങ്കുണ്ടെന്ന ഇന്റലിജൻസ് റിപ്പോർട്ടിനെ തുടർന്ന് ഇന്നലെ രംഗത്തിറങ്ങി.എൻ.ഐ.എ സർക്കിൾ ഇൻസ്പെക്ടർ ശ്രീകാന്തിന്റെ നേതൃത്വത്തിലുള്ള സംഘം വിഴിഞ്ഞം പൊലീസ് സ്റ്റേഷനിലെത്തി. പോപ്പുലർ ഫ്രണ്ട് അംഗങ്ങളായിരുന്ന കോവളം സ്വദേശി ഉമ്മർ ഉൾപ്പെടെ നാലു പേരെ സ്റ്റേഷനിൽ വിളിച്ചു വരുത്തി ചോദ്യം ചെയ്തു. പ്രദേശത്തെ മുൻ പി.എഫ്. ഐ പ്രവർത്തകരുടെ ലിസ്റ്റും ശേഖരിച്ചു. ഇവരെ നിരീക്ഷണത്തിലാക്കി. വിഴിഞ്ഞത്തും പരിസര മേഖലയിലും മൂന്നു മണിക്കൂറിലേറെ റോന്തുചുറ്റി.സ്റ്റേഷൻ ആക്രമിച്ച ദിവസത്തെ വിവരങ്ങളും നിലവിലെ സ്ഥിതിയും പൊലീസ് ഉദ്യോഗസ്ഥരോട് ചോദിച്ചറിഞ്ഞു.പി.എഫ്.ഐ പ്രവർത്തകർ സമരസമിതിയിൽ നുഴഞ്ഞു കയറി വൻകലാപത്തിന് പദ്ധതിയിട്ടെന്ന സംസ്ഥാന ഇന്റലിജൻസ് റിപ്പോർട്ട് അതീവ ഗൗരവത്തോടെയാണ് എൻ.ഐ.എ കാണുന്നത്.നേരത്തേ സ്റ്റേഷനിലെത്തിയ സ്പെഷ്യൽ പൊലീസ് സംഘം മേധാവി ഡി.ഐ.ജി ആർ.നിശാന്തിനി തുറമുഖ പ്രദേശത്തേക്ക് പോയതിന് പിന്നാലെയാണ് എൻ.ഐ.എ സംഘം വന്നത്.സമരസമിതിയിൽ ഭിന്നിപ്പുണ്ടെന്നും സമരം മതിയാക്കാൻ ആഗ്രഹിക്കുന്ന ആർച്ച് ബിഷപ്പ് തോമസ് ജെ.നെറ്റോ നിസ്സഹായനാണെന്നും മുഖ്യമന്ത്രിക്ക് ഇന്റലിജൻസിന്റെ റിപ്പോർട്ട്. സമരം അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്ന ഒരു വിഭാഗം വിഴിഞ്ഞം വികാരി ഫാ.മെൽക്കന്റെ നേതൃത്വത്തിൽ ചൊവ്വാഴ്ച രാത്രി കോട്ടപ്പുറം യു.പി സ്കൂളിൽ യോഗം കൂടി. സമരത്തിൽ പുറത്തുനിന്നുള്ളവർ നുഴഞ്ഞുകയറുന്നതിൽ യോഗത്തിൽ ആശങ്ക ഉയർന്നു. സ്റ്റേഷൻ ആക്രമിച്ചത് ഇവരാണെന്ന് പ്രചരിപ്പിക്കണം, അറസ്റ്റിന് വഴങ്ങരുത് തുടങ്ങിയ നിർദ്ദേശങ്ങളും ഉയർന്നു. ഇന്നലെ രാവിലെ ഫാ.മെൽക്കന്റെയും പള്ളി സെക്രട്ടറി പുഷ്പരാജന്റെയും നേതൃത്വത്തിൽ ആർച്ച് ബിഷപ്പിനെ കണ്ട് സമരം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. ഒരു കൂട്ടം വൈദികർ സമ്മതിക്കുന്നില്ലെന്നായിരുന്നു ബിഷപ്പിന്റെ മറപടി.163 കേസ്, അറസ്റ്റ് ഉടൻ,വിഴിഞ്ഞം കേസുകളിൽ നടപടി തുടരാൻ പൊലീസിന് മുഖ്യമന്ത്രി നിർദ്ദേശം നൽകി. ഭയന്ന് മാറിനിൽക്കേണ്ടെന്നാണ് പൊലീസിന്റെയും തീരുമാനം. 163 കേസുകൾ എടുത്തെന്നും തെളിവുകൾ ശേഖരിച്ച് ഉടൻ അറസ്റ്റ് ചെയ്യുമെന്നും ഡി.ഐ.ജി ആർ.നിശാന്തിനി പറഞ്ഞു. പരിക്കേറ്റ പൊലീസുകാരുടെയും മറ്റും പരാതികളിൽ കൂടുതൽ കേസുകളെടുക്കും.സമരത്തിൽ പങ്കെടുക്കുന്നവർക്ക് ഭീകര ബന്ധം ഉണ്ടോയെന്ന് അന്വേഷിക്കും.



# ക്ഷേമപെൻഷൻ രണ്ടാഴ്ചയ്ക്കകം, നൽകുന്നത് കുടിശിക

**തിരുവനന്തപുരം:** സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായതു കാരണം മുടങ്ങിയ ഒക്ടോബർ, നവംബർ മാസങ്ങളിലെ ക്ഷേമ പെൻഷൻ രണ്ടാഴ്ചയ്ക്കുള്ളിൽ നൽകാൻ തീരുമാനം. ഇതിനായി 1800 കോടി അനുവദിച്ചതായി ധനമന്ത്രി കെ.എൻ.ബാലഗോപാൽ അറിയിച്ചു. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി സാധാരണ ജനങ്ങളെ ബാധിക്കാൻ തുടങ്ങിയതായി 'കേരളകൗമുദി' കഴിഞ്ഞ 23ന് റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്നാണ് ക്ഷേമ പെൻഷനിൽ അടിയന്തര നടപടി. ഡിസംബറിലെ പെൻഷനരിൽ തീരുമാനമായി.52 ലക്ഷം പേർക്കാണ് ക്ഷേമ പെൻഷൻ നൽകുന്നത്. ഒക്ടോബറിലെ പെൻഷനുവേണ്ടി 779 കോടിക്ക് അനുമതി നൽകി ഉത്തരവിറക്കിയെങ്കിലും ട്രഷറിയിൽ പണമില്ലാത്തതിനാൽ വിതരണം നടന്നില്ല. നവംബറിലേതും മുടങ്ങി. ഓണക്കാലത്തെ 15,000 കോടിയോളം രൂപയുടെ ക്ഷേമ, ആശ്വാസ നടപടികൾക്ക് പിന്നാലെയാണ് സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലകപ്പെട്ടത്. കേന്ദ്രം വായ്പാലഭ്യതയിൽ കടുത്ത നിയന്ത്രണം ഏർപ്പെടുത്തിയതും സ്ഥിതി രൂക്ഷമാക്കി.ഇതിൽ നിന്നൊക്കെ കരകയറിയിട്ടില്ലെങ്കിലും ജനങ്ങളുടെ പ്രയാസം കണക്കിലെടുത്താണ് ക്രിസ്മസിന് മുമ്പ് പെൻഷൻ കുടിശിക വിതരണം ചെയ്യുന്നത്. അതേസമയം കരാറുകാരുടെ കുടിശികയുൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനമായിട്ടില്ല.

## ആശാൻ

തലവര

എൻ.ഐ.എ എത്തി;
വിഴിഞ്ഞം ഇനി കളി കാണാം



ഗ്യാലറിയിൽ ഇരുന്ന്
ഇനി കൈ അടിയ്ക്കാം

ലോകചരിത്രത്തിലാദ്യമായി



ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം

സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്

STUDY ABROAD
VISA 4STUDY
STUDY REDEFINED
KANHANGAD | KANNUR | THRISSUR | ERNAKULAM
STUDY@VISA4STUDY.IN
+91 9847386330
0467 2080331
ENQUIRE NOW
visa4study.in

## ഇന്നത്തെ ശബരിമല വിശേഷങ്ങൾ (01/12 /2022)

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ
3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം
3.05 ന് ....അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ
11 മണി വരെയും നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.30. ന് ..25 കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ......ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
വൈകുന്നേരം 4 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന്... ദീപാരാധന
7 മുതൽ പുഷ്പാഭിഷേകം
9.30 മണിക്ക് ...അത്താഴപൂജ
10.50ന് ഹരിവരാസനം സങ്കീർത്തനം
പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.



# ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്ന് നീക്കുന്ന കരടു ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം

## നിയമസഭാ സമ്മേളനത്തിന് മുന്നോടിയായി ഇന്ന് പ്രത്യേക മന്ത്രിസഭാ യോഗം, ബില്ലുകളുടെ മുൻഗണനാക്രമം അടക്കം ചർച്ചയാകും



**തിരുവനന്തപുരം:** ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ സർവകലാശാലകളുടെ ചാൻസലർ സ്ഥാനത്തുനിന്ന് നീക്കുന്ന കരടുബില്ലിന് മന്ത്രിസഭയുടെ അംഗീകാരം. നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കേണ്ട ബില്ലിനാണ് മന്ത്രിസഭ അംഗീകാരം നൽകിയിരിക്കുന്നത്. സംസ്ഥാനത്തെ 14 സർവകലാശാലകളുടെയും ചാൻസലർ സ്ഥാനത്തുനിന്ന് ഗവർണറെ മാറ്റുന്നതിന്റെ ആദ്യപടിയാണിത്. നിയമസഭയിൽ അവതരിപ്പിക്കേണ്ട സർവകലാശാല ഭേദഗതി നിയമത്തിന്റെ കരട് അവതരിപ്പിക്കലായിരുന്നു ബുധനാഴ്ച ചേർന്ന മന്ത്രിസഭാ യോഗത്തിന്റെ മുഖ്യ അജൻഡ. സാധാരണഗതിയിൽ കരടുബില്‍, ഗവർണറുടെ കൂടി അംഗീകാരത്തിന് പോകേണ്ടതുണ്ട്. സർക്കാർ ഖജനാവിൽനിന്ന് പണം ചെലവാക്കുന്ന ധനകാര്യ മെമ്മൊറാണ്ടം ബില്ലിന്റെ ഭാഗമായ ബില്ലുകൾ ഗവർണർക്ക് പോകണം.എന്നാൽ നിലവിലെ സാഹചര്യത്തിൽ ഗവർണർ ബില്ല് പിടിച്ചുവെക്കാനിടയുള്ളതിനാൽ ധനകാര്യ മെമ്മൊറാണ്ടം ഒഴിവാക്കിക്കൊണ്ടുള്ള സർവകലാശാല ഭേദഗതി നിയമത്തിനാണ് മന്ത്രിസഭ അംഗീകാരം നൽകിയിരിക്കുന്നത്.പുതിയ സർവകലാശാല ഭേദഗതി പ്രകാരം ചാൻസലർ സ്ഥാനത്ത് അതിവിദഗ്ധരായ ആളുകളെ നിയമിക്കും. ഡിസംബർ അഞ്ചിന് ആരംഭിക്കുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കേണ്ട ബില്ലുകൾ ചർച്ച ചെയ്യുന്നതിനായി ഇന്ന് പ്രത്യേക മന്ത്രിസഭാ യോഗം ചേരുന്നു. ബില്ലുകളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നത് അടക്കമുള്ള നടപടികളും ഇന്നത്തെ മന്ത്രിസഭാ യോഗത്തിൽ ഉണ്ടാകും. സംസ്ഥാനത്തെ സർവകലാശാലകളുടെ ചാൻസലർ സ്ഥാനത്ത് നിന്നും ഗവർണറെ മാറ്റുന്നതിനുള്ള കരട് ബില്ലിന് ഇന്നലെ ചേർന്ന മന്ത്രിസഭയോഗത്തിൽ അംഗീകാരമായിരുന്നു. ഡിസംബർ അഞ്ചിന് ആരംഭിക്കുന്ന നിയമസഭാ സമ്മേളനത്തിന്റെ ആദ്യദിവസം തന്നെ ബിൽ അവതരിപ്പിക്കാനാണ് ആലോചന. ചാൻസലറുടെ ആനുകൂല്യങ്ങളും മറ്റ് ചെലവുകളും സർവകലാശാലകളുടെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുമെന്നും ബില്ലിൽ വ്യക്തമാക്കുന്നുണ്ട്. സമ്മേളനത്തിന് ഗവർണർ നേരത്തേ അനുമതി നൽകിയിരുന്നു.

# SNDP യോഗം കണിച്ചുകുളങ്ങര സെക്രട്ടറിയുടെ മരണം: വെള്ളാപ്പള്ളിയെ പ്രതിചേർക്കാൻ കോടതി ഉത്തരവ്

**ആലപ്പുഴ:** എസ്.എൻ.ഡി.പി. യോഗം കണിച്ചുകുളങ്ങര യൂണിയൻ സെക്രട്ടറി കെ.കെ.മഹേശന്റെ മരണത്തിൽ എസ്.എൻ.ഡി.പി. യോഗം ജനറൽസെക്രട്ടറി വെള്ളാപ്പള്ളി നടേശൻ അടക്കം മൂന്നു പേരെ പ്രതി ചേർക്കാൻ കോടതിയുടെ നിർദേശം. ആലപ്പുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി(രണ്ട്) ആണ് വെള്ളാപ്പള്ളി നടേശൻ, തുഷാർ വെള്ളാപ്പള്ളി, കെ.എൽ. അശോകൻ എന്നിവരെ പ്രതിചേർത്ത് കേസെടുക്കാൻ നിർദേശം നൽകിയത്. മഹേശന്റെ കുടുംബം നൽകിയ ഹർജിയിലാണ് കോടതിയുടെ നടപടി.മഹേശന്റെ ആത്മഹത്യാക്കുറിപ്പിൽ വെള്ളാപ്പള്ളി അടക്കമുള്ളവരുടെ പേരുകൾ പരാമർശിച്ചിരുന്നു. ഈ സാഹചര്യത്തിൽ പ്രതികൾക്കെതിരേ ആത്മഹത്യാപ്രേരണാക്കുറ്റം ചുമത്തി കേസെടുക്കണമെന്നാണ് കോടതി നിർദേശിച്ചിരിക്കുന്നത്. 2020 ജൂൺ 24-നാണ് കണിച്ചുകുളങ്ങരയിലെ എസ്.എൻ.ഡി.പി. യോഗം ഓഫീസിൽ മഹേശനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. ഓഫീസിന്റെ ചുമരിൽ ഒട്ടിച്ചുവെച്ച നിലയിൽ മഹേശന്റെ ആത്മഹത്യാക്കുറിപ്പുകളും കണ്ടെടുത്തിരുന്നു. ഈ കുറിപ്പിലാണ് വെള്ളാപ്പള്ളിക്കെതിരേയും പരാമർശമുണ്ടായിരുന്നത്.

മൈക്രോ ഫിനാൻസ് വിവാദവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് മഹേശന്റെ ആത്മഹത്യയ്ക്ക് കാരണമായതെന്നായിരുന്നു ആരോപണം. മൈക്രോ ഫിനാൻസ് കേസിൽ ക്രൈംബ്രാഞ്ചിന്റെ



ചോദ്യംചെയ്യലിന് ഹാജരായതിന്റെ അടുത്ത ദിവസമായിരുന്നു മഹേശന്റെ ആത്മഹത്യ.

പരാശക്തി ജ്യോതിഷ പീഠം
പോളി ജംഗ്ഷൻ – തൃപ്രയാർ
ഫോൺ: 9745205651, 9188205651

ജോത്സ്യൻ : ജി. എൻ. ബാബുജി

ജ്യോതിഷം, വെറ്റില ജ്യോതിഷം, താംബൂല പ്രശ്നം, അഷ്ട മംഗല പ്രശ്നം, ദേവ പ്രശ്നം, സ്വർണ്ണപ്രശ്നം, മഷിനോട്ടം, പരിഹാരം

മഹത്തായ യന്ത്രങ്ങൾ, ഏലസ്സുകൾ, വിദ്യാമഹാറാണി യന്ത്രം, സ്വയംവര യന്ത്രം, അർദ്ധനാരീശ്വരിയന്ത്രം, നെടുമംഗല്യം, അശ്വമേധം, സർപ്പഹരം, ഒമ്പത് ഗ്രഹങ്ങളുടേയും ദോഷപരിഹാരയന്ത്ര ഏലസ്സുകൾ, ഗരുഡമഹാമന്ത്ര യന്ത്ര ഏലസ്സ് എല്ലാ ദോഷപരിഹാരങ്ങൾക്കും

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

## സർക്കാറിന് സംഭവിയ്ക്കുന്ന വീഴ്ച കൾ

പിണറായി വിജയൻ സർക്കാരിന്റെ ദീർഘവീക്ഷണമില്ലായ്മയ്ക്കും തെറ്റായ കാഴ്ചപ്പാടിനുമുള്ള നിരവധി ഉദാഹരണങ്ങളിൽ ഒന്നായി സിൽവർലൈൻ പദ്ധതിയും മാറിയിരിക്കുന്നു. പദ്ധതി ഉപേക്ഷിച്ചിട്ടില്ലെന്നും കേന്ദ്ര അനുമതി കിട്ടുന്നതുവരെയുള്ള താമസമേയുള്ളൂവെന്നും കെ- റെയിൽ അധികൃതർ വിശദീകരിക്കുമ്പോഴും സിൽവർലൈൻ നടക്കാൻ പോകുന്നില്ലെന്ന വിലയിരുത്തലിലേക്ക് കേരളം എത്തിക്കഴിഞ്ഞു. ആയിരക്കണക്കിനു കുടുംബങ്ങളാണ് ഇതിന്റെ പേരിൽ ആശ്വസിക്കുന്നത്. പദ്ധതിക്കായി കഴിഞ്ഞ മൂന്ന് വർഷത്തിനിടെ സർക്കാർ 31 കോടിയിലേറെ രൂപ ചെലവഴിച്ചു. കേരളത്തിലങ്ങോളമിങ്ങോളം സ്ത്രീകളും കുട്ടികളുമടക്കം പങ്കെടുത്ത എത്രയോ പ്രതിഷേധ സമരമുണ്ടായി. കിടപ്പാടം സംരക്ഷിക്കുന്നതിനായി നടത്തിയ സമരത്തെത്തുടർന്ന് നൂറുകണക്കിന് ആളുകളുടെ പേരിൽ കേസ് നിലനിൽക്കുന്നു. അടിസ്ഥാന കാര്യങ്ങൾപോലും കൃത്യമായി ചെയ്യാതെ കേന്ദ്രാനുമതിക്ക് കാത്തുനിന്ന സർക്കാരിന്റെ പിഴവ് മുഖപ്രസംഗത്തിലൂടെയും റിപ്പോർട്ടുകളായും 'മംഗളം' തുടക്കം മുതൽ ചൂണ്ടിക്കാട്ടിയിരുന്നു. ഒടുവിൽ, സിൽവർലൈൻ പദ്ധതി മരവിപ്പിക്കുന്ന തരത്തിലുള്ള നടപടികളിലേക്ക്കടക്കുമ്പോൾ പിഴച്ചചുവടുകൾ സർക്കാർ ഇനിയെങ്കിലും പൂർണമായും തിരിച്ചറിയുമെന്ന് കരുതട്ടേ. സിൽവർ ലൈൻ വിരുദ്ധ പ്രക്ഷോഭങ്ങളുടെ പേരിൽ എടുത്തിരിക്കുന്ന കേസുകളുടെ കാര്യത്തിൽ പ്രതികാര ബുദ്ധിയോടെയുള്ള സമീപനം ആരോപിക്കുന്ന സാഹചര്യമാണുള്ളത്. സർക്കാരിന്റെ ഭാഗമായുള്ളവർ ആരോപിച്ചതുപോ

ലെ പ്രതിപക്ഷത്തിന്റെയോ നിക്ഷിപ്ത താൽപ്പര്യക്കാരുടെ പ്രേരണയിലോ സമരത്തിനിറങ്ങിയതല്ല ഭൂരിപക്ഷവും. ജനമാണു സമരം നയിച്ചത്. സർക്കാർ സ്ഥാപിച്ച മഞ്ഞക്കുറ്റികൾ പറിച്ചെറിയാൻ മാത്രം പ്രതിഷേധം ജനത്തിനുണ്ടായി. എന്തു വിലകൊടുത്തും പദ്ധതിയുമായി മുന്നോട്ടു പോകുമെന്ന് മുഖ്യമന്ത്രി പലതവണ അഭിപ്രായപ്പെട്ടിരുന്നു. എന്തിനും മീതെ ജനങ്ങളുടെ താൽപ്പര്യമാണു വലുതെന്ന തിരിച്ചറിവ് മറ്റ് പല നടപടികളിലും ഉണ്ടായതുപോലെ സിൽവർലൈനിലും സംഭവിച്ചുവെന്ന് വിലയിരുത്താം.പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻപ്രായ വർധനയിൽനിന്നു സർക്കാരിനു പിന്തിരിയേണ്ടിവന്നത് അടുത്തയിടെയാണ്. മാധ്യമ പ്രവർത്തകനായിരുന്ന കെ.എം. ബഷീർ കാറിടിച്ചു മരിച്ച കേസിലെ പ്രതി ശ്രീറാം വെങ്കിട്ടരാമനെ ആലപ്പുഴ ജില്ലാ കലക്ടറായി നിയമിക്കാനുള്ള തീരുമാനം പ്രതിഷേധത്തെത്തുടർന്ന് പിൻവലിക്കേണ്ടിവന്നു. വഖഫ് ബോർഡ് നിയമനം പി.എസ്.സിക്ക് വിടാൻ തീരുമാനിച്ചതിനെതിരേ നിരവധി മുസ്ലീം സംഘടനകൾ രംഗത്ത് ഇറങ്ങി. 'നിങ്ങൾക്ക് ചെയ്യാൻ കഴിയുന്നത് ചെയ്യ്, ഞങ്ങൾക്ക് അതൊരു പ്രശ്നമല്ല' എന്നുള്ള കർശന നിലപാടാണ് മുഖ്യമന്ത്രിയിൽനിന്ന് ഉണ്ടായത്. സിൽവർലൈൻ പ്രതിഷേധങ്ങളുടെ പൊരുൾ അവഗണിക്കുന്ന കാർക്കശ്യം മുഖ്യമന്ത്രി വഖഫ് വിഷയത്തിലും പുലർത്തി. എന്നാൽ പ്രതിഷേധം ശക്തമായതോടെ സർക്കാർ മലക്കം മറിയുകയും തീരുമാനം പിൻവലിക്കുന്നതായി മുഖ്യമന്ത്രി തന്നെ നിയമസഭയിൽ വ്യക്തമാക്കുകയും ചെയ്തു. ജെൻഡർ ന്യൂട്രൽ യൂണിഫോം നടപ്പാക്കാനുള്ള നീക്കം വലിയ ചർച്ചകൾക്ക് ഇടം നൽകുന്നതിനു മുമ്പേ സർക്കാർ പിൻവലിച്ചു. കൊടിയുടെ നിറവും രാഷ്ട്രീയ ചായ്‌വും പരിഗണിച്ച് നടത്തുന്ന നിയമനങ്ങളുടെ പേരിൽ സർക്കാരിനെ ആളുകൾ തെരുവിൽ ചോദ്യംചെയ്യുന്ന നിലയാണുള്ളത്. സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന സംസ്ഥാനത്ത് അധികാര ദുർവിനിയോഗവും ധൂർത്തും ആരോപിക്കാവുന്ന എത്രയോ സംഭവങ്ങൾ. ഒരുവശത്ത് സർക്കാർ വാഹനം ദുരുപയോഗം ചെയ്യുന്നതിന്റെ വാർത്തകളുണ്ടാകുമ്പോൾത്തന്നെ മന്ത്രിമാർക്കടക്കം ആഡംബര വാഹനങ്ങൾ വാങ്ങിക്കൂട്ടിക്കൊണ്ടേയിരിക്കുന്നു. സർക്കാരും ഗവർണറും തമ്മിലുള്ള പോര് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖല നേരിടുന്ന വെല്ലുവിളികളും പുഴുക്കുത്തുകളും തുറന്നുകാട്ടുന്നു. ഇത്തരത്തിൽ സർക്കാർ സമീപനത്തിലും നടപടികളിലും നിരവധി പിഴവുകൾ ജനത്തിനു ചൂണ്ടിക്കാണിക്കാൻ കഴിയും.

പിഴയ്ക്കുന്ന ചുവടുകൾ തിരുത്തുന്നതിനെ ആധാരമാക്കിയാകും സർക്കാരിന്റെ സുഗമമായുള്ള മുന്നോട്ടു പോക്ക്. സിൽവർലൈൻ പദ്ധതിയിൽ ഭൂമി ഏറ്റെടുക്കാൻ നിയോഗിച്ച ഉദ്യോഗസ്ഥരെ തിരിച്ചുവിളിക്കാനുള്ള നിർദേശമാണ് റവന്യു വകുപ്പ് നൽകിയിരിക്കുന്നത്. ഇവർക്ക് അടിയന്തരമായി മറ്റ് ഉത്തരവാദിത്വമുള്ളതുകൊണ്ടാണ് ഇങ്ങനെയൊരു തീരുമാനമെടുത്തതെന്ന് റവന്യു മന്ത്രി കെ. രാജൻ വിശദീകരിക്കുകയുണ്ടായി. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചതിനുശേഷമാകും തുടർനടപടികൾ. സിൽവർ ലൈൻ പദ്ധതി ഉപേക്ഷിച്ചെന്നു തുറന്നുപറയാൻ സർക്കാർ ഇനിയും തയാറായിട്ടില്ലെന്ന് ചുരുക്കം. എങ്കിലും ഇത് എത്രാമത്തെ തവണയാണ് സർക്കാരിനു വീഴ്ച സംഭവിക്കുന്നതെന്ന് ആശ്ചര്യപ്പെടുന്നവിധം പിഴവുകളുടെ പരമ്പരയിലേക്ക് സിൽവർലൈനിനേയും ജനം ഉൾപ്പെടുത്തിയിരിക്കുന്നു



## ചൈനീസ് മുൻ പ്രസിഡന്റ് ജിയാങ് സെമിൻ അന്തരിച്ചു

ബീജിങ് : മുൻ ചൈനീസ് പ്രസിഡന്റും ചൈനയുടെ സെൻട്രൽ മിലിട്ടറി കമ്മീഷൻ ചെയർമാനുമായിരുന്നജിയാങ് സെമിൻ അന്തരിച്ചു. 96 വയസ്സായിരുന്നു. ബുധനാഴ്ച ഉച്ചയ്ക്ക് അദ്ദേഹത്തിന്റെ ജന്മനാടായ ഷാങ്ഹായിയിൽ വെച്ചായിരുന്നു അന്ത്യം. രക്താർബുദ ബാധിതനായിരുന്നുവെന്ന് ചൈനീസ് മാധ്യമങ്ങൾ റിപ്പോർട്ടുചെയ്യുന്നു.1989-ലെ പ്രക്ഷോഭത്തിന് പിന്നാലെയാണ് ജിയാങ് ചൈനയുടെ പ്രസിഡന്റായി അധികാരത്തിലെത്തുന്നത്. ഈ സംഭവം ചൈനയെ അന്താരാഷ്ട്രതലത്തിൽ തന്നെ ഒറ്റപ്പെടുത്തിയിരുന്നു.ചൈനയുടെ രാഷ്ട്രീയ ചരിത്രത്തിൽ സുപ്രധാന സ്ഥാനം വഹിക്കുന്ന നേതാവാണ് അദ്ദേഹം. ചൈന അതിവേഗ വളർച്ചയും പുരോഗതിയും കൈവരിച്ചത് ജിയാങിന്റെ ഭരണകാലത്താണ്.1997ൽ ഹോങ്കോംഗ് സാമാധാന പരമായി കൈമാറ്റം ചെയ്തതിൽ നിർണായക പങ്കാണ് ജിയാങ് സെമിൻ വഹിച്ചത്. ലോക വ്യാപാര സംഘടനയിലേക്കുള്ള ചൈനയുടെ കടന്നുവരവിനും ജിയാങ് സെമിന് കാരണമായി.

1989 മുതൽ 2002 വരെ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയായിരുന്നു. 1989 മുതൽ 2002 വരെയാണ് സെൻട്രൽ മിലിട്ടറി കമ്മീഷന്റെ ചെയർമാനായി ഇരുന്നത്. 1989 മുതലുള്ള ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ മൂന്നാം തലമുറ നേതാക്കളുടെ പ്രതിനിധിയായാണ് ജിയാങിനെ കണക്കാക്കുന്നത്. പലവിധ രോഗങ്ങളാൽ അദ്ദേഹം ഏറെ മാസങ്ങളായി പൊതുരംഗത്ത് പ്രത്യക്ഷപ്പെടാറില്ലായിരുന്നു.

## ശാസ്ത്ര സാങ്കേതിക മേഖലകളിലെ ഇന്ത്യൻ സംഭാവനകൾ ക്രോഡീകരിക്കാൻ ഐ.സി.എച്ച്.ആറും ഐ.എസ്.ആർ.ഒ.യും

ന്യൂഡൽഹി: ശാസ്ത്ര സാങ്കേതിക മേഖലകളിലെ ഇന്ത്യൻ സംഭാവനകളുടെ ചരിത്രം രചിക്കാൻ കൈകോർത്ത് ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചും (ഐ.സി.എച്ച്.ആർ.) ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയായ ഐ.എസ്.ആർ.ഒ.യും.

ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും 'വിശ്വ ഗുരു' (ആഗോള നേതാവ്) ആണ് ഇന്ത്യയെന്ന് തെളിയിക്കാൻ പുരാതന ഗ്രന്ഥങ്ങളിൽനിന്നുള്ള തെളിവുകൾ ശേഖരിച്ചാണ് 'ഹിസ്റ്ററി ഓഫ് ഇന്ത്യൻ സയൻസ് ആൻഡ് ടെക്നോളജി' എന്നപേരിൽ ചരിത്രം രചിക്കുക.

ശാസ്ത്രരംഗത്തെ അക്കാദമിക വിദഗ്ധരെയും ചരിത്രകാരന്മാരെയും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുകയെന്ന് ഐ.സി.എച്ച്.ആറിന്റെ മെമ്പർ സെക്രട്ടറി ഉമേഷ് അശോക് കദം പറഞ്ഞു. ഇന്ത്യയുടെ സമ്പന്നമായ ശാസ്ത്ര-സാങ്കേതിക ചരിത്രത്തെക്കുറിച്ച് പുരാതന ഗ്രന്ഥങ്ങളിലും മതഗ്രന്ഥങ്ങളിലും ഒട്ടേറെ വിവരങ്ങൾ ലഭ്യമാണെങ്കിലും അവ ഏകോപിപ്പിച്ച് ആരും പുസ്തകമാക്കിയിട്ടില്ല. അതിനാൽ, യഥാർഥ ഇന്ത്യൻ ചരിത്രം ഇതിഹാസമായും ഐതിഹ്യം മിത്തായും മാറുന്നു. ഇതിന് പരിഹാരം കാണണം. ശാസ്ത്രം, ടെക്നോളജി, എൻജിനിയറിങ്, ഗണിതശാസ്ത്രം എന്നീ മേഖലകളിലെ ഇന്ത്യൻ സംഭാവനകളെല്ലാം ചരിത്രത്തിൽ ഉൾപ്പെടുത്തും. ജ്യോതിശ്ശാസ്ത്രം, ജ്യോതിഷം, ഗണിതശാസ്ത്രം എന്നിവയെല്ലാം ബഹിരാകാശവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാലാണ് ഐ.എസ്.ആർ.ഒ.യെയും ഉൾപ്പെടുത്താൻ തീരുമാനിച്ചത്.




## ആഗോളതാപനം: മഞ്ഞുരുകിയപ്പോൾ പുറത്തു വന്നത് മാനവരാശിക്ക് ഭീഷണിയായ 'സോംബി വൈറസ്'

കാലാവസ്ഥാ വ്യതിയാനത്താലും ആഗോളതാപനത്താലും ഹിമാനികൾ ഉരുകാൻ തുടങ്ങിയതോടെ മാനവരാശിക്ക് ഭീഷണിയായേക്കാവുന്ന വൈറസുകൾ മഞ്ഞുപാളികൾക്കിടയിൽ നിന്ന് പുറത്തു വരുന്നു. റഷ്യയിലെ സൈബീരിയൻ മേഖലയിലെ മഞ്ഞുപാളികൾക്കിടയിൽ നിന്നെടുത്ത മണ്ണിൽ നിന്ന് 13 വൈറസുകളെ യൂറോപ്യൻ ഗവേഷകർ കണ്ടെത്തി. ഇതിലൊന്നിന് 48,500 വർഷം പഴക്കമുണ്ട്. സൈബീരിയയിലെ തടാകത്തിനടിത്തട്ടിൽ ഖനീഭവിച്ചു കിടന്നതാണിത്. നിർജീവമായ വൈറസുകളെ ഗവേഷകർ പുനരുജ്ജീവിപ്പിച്ചു.

രോഗകാരികളായ ഇവയ്ക്ക് 'സോംബി വൈറസുകൾ' എന്നും പേരുമിട്ടു. മീഥേയ്ൻ പോലുള്ള ഹരിതഗൃഹവാതകങ്ങൾ അന്തരീക്ഷ താപനില വർധിപ്പിക്കുന്നത് ഹിമാനികൾ ഉരുകാനും പതിനായിരക്കണക്കിന് വർഷങ്ങൾക്കു മുമ്പ് ഖനീഭവിച്ചുപോയ രോഗകാരികളുൾപ്പെടെ പുറത്തു ചാടാനും കാരണമാകും.

അതേ സമയം തങ്ങൾ പഠിച്ച വൈറസുകൾ സ്വാഭാവികമായി പുനരുജ്ജീവിക്കാനുള്ള സാധ്യത വളരെ കുറവാണെന്ന് റഷ്യ, ജർമനി, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള ഗവേഷക സംഘം വ്യക്തമാക്കി. പക്ഷേ, മനുഷ്യരെയും മറ്റു ജീവികളെയും ബാധിക്കാൻ സാധ്യതയുള്ള വൈറസുകൾ പുനരുജ്ജീവിച്ചാൽ മാരകമായ രോഗങ്ങളുണ്ടാകാൻ സാധ്യയുണ്ടെന്നും ഗവേഷക സംഘം കൂട്ടിച്ചേർത്തു.



## ക്വാറന്റീൻ കഴിഞ്ഞു; ചീറ്റകൾ വിശാലവനത്തിൽ

നമീബിയയിൽനിന്ന് മധ്യപ്രദേശിലെ കുനോ ദേശീയോദ്യാനത്തിലെത്തിച്ച ചീറ്റകളിൽ മൂന്നെണ്ണത്തിനെക്കൂടി വിശാലമായ കാട്ടിലേക്ക് വിട്ടയച്ചു. സെപ്റ്റംബർ 11-നാണ് എട്ടു ചീറ്റകളെ നമീബിയയിൽ നിന്ന് കൊണ്ടുവന്നത്. ആവാസവ്യവസ്ഥയുമായി പൊരുത്തപ്പെടാൻ ഇവയെ ക്വാറൻറീൻ മേഖലയിലാണ് പാർപ്പിച്ചിരുന്നത്. അഞ്ച് ചീറ്റകളെ നേരത്തേ വനത്തിലേക്ക് വിട്ടയച്ചിരുന്നു.

സവാന, ഷാഷ, സിയയ്യ എന്നീ പെൺ ചീറ്റകളെയാണ് തിങ്കളാഴ്ച കാട്ടിലേക്കുവിട്ടത്. ഇവ മറ്റുള്ളവയുമായി ചേർന്ന് സഞ്ചരിച്ചു തുടങ്ങിയതായി വനംവകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു.

1947ലാണ് ഛത്തീസ്ഗഢിലെ കൊരിയ ജില്ലയിലുണ്ടായിരുന്ന രാജ്യത്തെ അവസാനത്തെ ചീറ്റയും ചത്തത്. തുടർന്ന് 1952-ൽ രാജ്യത്ത് ചീറ്റകൾക്ക് വംശനാശം സംഭവിച്ചതായി പ്രഖ്യാപിക്കുകയായിരുന്നു.

special-news



# നവോത്ഥാന ചങ്ങല കെട്ടി അധികാരത്തിൽ വന്ന പിണറായി വിജയന്റെ ഭരണം കേരളത്തെ നരബലിയിലേക്കെത്തിച്ചിരിക്കുകയാണെന്ന് സി.എം.പി.ജനറൽ സിക്രട്ടറി സി.പി.ജോൺ

**കണ്ണൂർ :** നവോത്ഥാന ചങ്ങല കെട്ടി അധികാരത്തിൽ വന്ന പിണറായി വിജയന്റെ ഭരണം കേരളത്തെ നരബലിയിലേക്കെത്തിച്ചിരിക്കുകയാണെന്ന് സി.എം.പി.ജനറൽ സിക്രട്ടറി സി.പി.ജോൺ പരിഹസിച്ചു. മയക്ക് മരുന്ന് മാഫിയ നാടിനെ പിടിമുറുക്കുന്നു. പോലീസ് സ്റ്റേഷനിൽ കൈ ചങ്ങലയിട്ട് ലോക്കപ്പിനുള്ളിലാക്കി ലാത്തി കൊണ്ട് മർദ്ദിക്കുന്ന നാടായി കേരളം മാറി. നാളികേരത്തിനും, റബ്ബറിനും, നെല്ലിനും താങ്ങ് വില പോയിട്ട് മോഹ വില പോലും കിട്ടാനില്ല. പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കണമെന്നത് ഭരണക്കാർക്ക് പ്രശ്നമല്ല. പഠിച്ചു പരീക്ഷ പാസായാലും സർട്ടിഫിക്കറ്റ് കിട്ടാത്ത സ്ഥിതിയായി. കിട്ടിയ സർട്ടിഫിക്കറ്റിന് വിലയുണ്ടോ എന്ന കാര്യം തിരക്കിയിൽ മറുപടി പറയാൻ ആളില്ല. ഒരു വിഷയവും തനിക്ക് ബാധകമല്ലെന്ന നാട്ടിൽ ഉറക്കം നടിക്കുന്ന മുഖ്യമന്ത്രിയായി പിണറായി വിജയൻ മാറിയെന്നും സി.പി.ജോൺ പറഞ്ഞു. സർവ്വകലാശാല വൈസ് ചാൻസലറെ കോടതി അംഗീകരിച്ചാലും ഒപ്പിടാൻ അനുവദിക്കാതിരിക്കാനാണ് സർക്കാർ വീണ്ടും ഡിവിഷൻ ബഞ്ചിൽ അപ്പീൽ പോകുന്നത്. വൈസ് ചാൻസലറായ ജോൺ മത്തായിയെ അങ്ങോട്ടു പോയി കണ്ട മുഖ്യമന്ത്രി ഇ.എം.എസ് ഭരിച്ച നാടിൽ മന്ത്രിമാർ തന്നെ ചാൻസറെ വെല്ലുവിളിച്ച് നടക്കുന്നു. വൻകിട പദ്ധതികൾ പ്രഖ്യാപിച്ച് കോടികളുടെ കൺസൾട്ടേഷൻ നൽകി കമ്മീഷൻ പറ്റുന്ന ഭരണക്കാരുടെ നാടായി കേരളം മാറിയെന്നും സി പി.ജോൺ ആരോപിച്ചു. കേരളത്തിന്റെ സാമൂഹ്യ തകർച്ച അപകടരമാംവിധത്തിലേക്ക് നീങ്ങുകയാണെന്നും ഇതിനെ കക്ഷിരാഷ്ട്രീയ ജാതി മത ഭേദമന്യേ ഒറ്റക്കെട്ടായി നേരിടണമെന്നും സി.പി.ജോൺ ആവശ്യപ്പെട്ടു. സി എം പി സംഘടിപ്പിക്കുന്ന 'ഉണരൂ കേരളം' ക്യാമ്പയിന്റെ കണ്ണൂർ ജില്ലയിലെ വിവിധ പരിപാടികളിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കണ്ണൂർജില്ലാതല പരിപാടിയുടെ ഉദ്ഘാടനം ആലക്കോട് കരിങ്കയത്ത് വച്ച് നടന്നു. പാച്ചേനി ലക്ഷ്മണൻ ,ചപ്പാരപ്പടവ് കണാരംവയലിൽ സുധീഷ് കടന്നപ്പള്ളി , പയ്യന്നൂരിൽ ബി.സജിത് ലാൽ ,അടുത്തിലയിൽ എം.കെ.രഘുനാഥ് , തളിപ്പറമ്പിൽ എ.പി.കെ രാഘവൻ എന്നിവർ അദ്ധ്യക്ഷത വഹിച്ചു. വിവിധ കേന്ദ്രങ്ങളിൽ ജാഥാ ലീഡർ സി.പി.ജോണിന് പുറമെ സി.എം.പി നേതാക്കളായ സി.എ.അജീർ, പി.സുനിൽകുമാർ, സുധീഷ് കടന്നപ്പള്ളി, കാഞ്ചന മാച്ചേരി, കെ.കൃഷ്ണൻ, സി.എ.ജോൺ, പി.രത്നാകരൻ, കെ.വി.ഉമേഷ് ,എം.രാഘവൻ, എൻ.കുഞ്ഞിക്കണ്ണൻ,മധുസൂധനൻ പുളിമ്പറമ്പ് എന്നിവരും യു ഡി.എഫ് നേതാക്കളായ തോമസ് വൈക്കത്താനം, എം.നാരായണൻകുട്ടി, എ.പി.നാരായണൻ,മാത്യു ചാണക്കാട്ടിൽ, ഉനൈസ് എരുവാട്ടി, കെ.പി.ജനാർദ്ദനൻ, സന്ധീപ് പാണപ്പുഴ, പി.കരുണാകരൻ മാസ്റ്റർ,ജംഷീർ ആലക്കാട് എന്നിവരും പ്രസംഗിച്ചു. പരിപാടിയുടെ ഭാഗമായി നാളെ കാലത്ത് പാപ്പിനിശ്ശേരി, അഴീക്കോട് പുന്നക്കപ്പാറ,, കണ്ണൂർ സിറ്റി, ഏച്ചൂർ മാച്ചേരി, മട്ടന്നൂർ ടൗൺ എന്നിവിടങ്ങളിൽ കുടുംബ സംഗമങ്ങൾ നടക്കും.



# കോട്ടയത്തെ സദാചാര ആക്രമണം: മുടി മുറിച്ച് കോളേജ് വിദ്യാർഥികളുടെ പ്രതിഷേധം

**കോട്ടയം:** കോട്ടയം നഗരമധ്യത്തിൽ രാത്രി പെൺകുട്ടിയ്ക്കും സുഹൃത്തിനും നേരെ സദാചാരഗുണ്ടകളുടെ ആക്രമണം ഉണ്ടായതിൽ സി.എം.എസ്. കോളേജ് വിദ്യാർഥികൾ മുടി മുറിച്ച് പ്രതിഷേധിച്ചു. കോളേജ് ക്യാമ്പസിൽ വിദ്യാർഥികൾ പ്രതിഷേധച്ചങ്ങലയും തീർത്തു. കോളേജ് അധികൃതരും വിദ്യാർഥികളുടെ പ്രതിഷേധത്തോട് അനുകൂല സമീപനമാണ് സ്വീകരിച്ചത്. തിങ്കളാഴ്ച രാത്രി 10.30–നാണ് തിരക്കേറിയ തിരുനക്കരയിൽ അക്ഷരനഗരിയെ ലജ്ജിപ്പിച്ച സംഭവമുണ്ടായത്. സദാചാര ആക്രമണത്തിൽ പരിക്കേറ്റ പെൺകുട്ടിയും സുഹൃത്തും ആശുപത്രിയിൽ ചികിത്സയിലാണ്. ശരീരത്തിനേറ്റ പരിക്കിനേക്കാൾ വലുത് ഈ മാനസിക നൊമ്പരമാണെന്ന് ആശുപത്രിയിൽവെച്ച് പെൺകുട്ടി പറഞ്ഞിരുന്നു. സംഭവത്തിൽ മൂന്നുപേരെ പോലീസ് അറസ്റ്റുചെയ്തു. താഴത്തങ്ങാടി സ്വദേശികളായ ഷബീർ, മുഹമ്മദ് അസ്ലം, അനസ് അഷ്കർ എന്നിവരെയാണ് അറസ്റ്റുചെയ്തത്. ജാമ്യമില്ലാത്ത വകുപ്പുകൾ പ്രകാരം അറസ്റ്റുചെയ്ത പ്രതികളെ കോടതി റിമാൻഡ് ചെയ്തു.

നടുറോഡിൽ വലിച്ചിഴച്ചും വയറ്റത്ത് ചവിട്ടിയും ക്രൂരമായി ആക്രമിക്കപ്പെടുമ്പോൾ അലറിവിളിച്ചുള്ള പെൺകുട്ടിയുടെ കരച്ചിൽകേട്ട് ഒട്ടേറെപ്പേർ ഓടിക്കൂടിയിരുന്നു.എന്നാൽ, ഒരാൾപോലും പ്രതികരിച്ചിരുന്നില്ല. സഹപാഠി ജനറൽ ആശുപത്രിയിൽ ചികിത്സയിലായതിനാൽ ഹോസ്റ്റലിൽനിന്ന് വസ്ത്രം എടുത്തുകൊടുക്കാൻ പോയതായിരുന്നു ഇരുവരും. തിരുനക്കരയിൽ തട്ടുകടയിൽ ഭക്ഷണം കഴിക്കാൻ ഇരിക്കുമ്പോൾ മൂന്നുപേർ കാറിൽവന്നു. പെൺകുട്ടിയെ രൂക്ഷമായി നോക്കി അശ്ലീലപരാമർശം നടത്തി. മോശമായ ആംഗ്യവും കാണിച്ചു. ഒപ്പമുള്ള ആൺകുട്ടി ഇതിനെ ചോദ്യംചെയ്തു. ആക്രമണം ഉണ്ടാകുമെന്ന് തോന്നിയതോടെ ഇരുവരും കടയിൽനിന്ന് ഇറങ്ങി. ഹോസ്റ്റലിൽച്ചെന്ന് വസ്ത്രം എടുത്ത് മടങ്ങുമ്പോൾ തിരുനക്കരയിൽ കേരള ബാങ്കിന് സമീപത്ത് അക്രമികൾ ഇവർ സഞ്ചരിച്ച ബൈക്കിനുകുറുകെ കാർ നിർത്തി തടഞ്ഞു. ഇരുവരെയും ബൈക്കിൽനിന്ന് വലിച്ചിറക്കി. ''നിങ്ങളെ നോക്കി നടക്കുകയായിരുന്നു'' എന്ന് ആക്രോശിച്ചായിരുന്നു മർദനം. ആൺകുട്ടിയെ തലയ്ക്കുപിന്നിൽ അടിച്ചുവീഴ്ത്തി. പെൺകുട്ടിയെ വയറ്റിൽ ചവിട്ടിവീഴ്ത്തി. മുടിക്ക് കുത്തിപ്പിടിച്ച് റോഡിലൂടെ വലിച്ചു. പെൺകുട്ടിയുടെ നിലവിളികേട്ട് ഒട്ടേറെപ്പേർ ഓടിവന്നെങ്കിലും ആരും അക്രമികളെ തടഞ്ഞില്ല. ഇരുവരെയും കാണാഞ്ഞ് സുഹൃത്തുക്കൾ ഇവരുടെ ഫോണിൽ വിളിച്ചപ്പോൾ നിലവിളിയാണ് കേട്ടത്. ഇതോടെ കൂട്ടുകാർ പാഞ്ഞെത്തി. ഇതിനകം പട്രോൾ പോലീസ് സംഘമെത്തി ഇരുവരെയും ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു.

# രണ്ട് വർഷമായി ഫിറ്റല്ല, ഓട്ടം മുഴുവൻ സ്കൂൾ കുട്ടികളുമായി; മിനിബസിന് പൂട്ടിട്ട് MVD

**ഹരിപ്പാട്:** രണ്ടു വർഷമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ ഓടുന്ന മിനിബസ് മോട്ടോർ വാഹന വകുപ്പ് പിടിച്ചെടുത്തു. സ്കൂളിലേക്ക് കുട്ടികളുമായുള്ള യാത്രയ്ക്കിടെയാണ് സംഭവം. ഈ ബസിലുണ്ടായിരുന്ന 25 കുട്ടികളെയും മറ്റൊരു ബസിൽ സ്കൂളിലെത്തിച്ചു. കാർത്തികപ്പള്ളി ഹോളി ട്രിനിറ്റി സ്കൂളിൽ കുട്ടികളെ എത്തിച്ചുവന്നിരുന്ന തൃക്കുന്നപ്പുഴ സ്വദേശി മുഹമ്മദ് നൈസാമിന്റെ മിനിബസാണു പിടിച്ചെടുത്തത്. ഡാണാപ്പടിയിൽനിന്ന് കാർത്തികപ്പള്ളിയിലേക്കുള്ള യാത്രയ്ക്കിടെ ചൊവ്വാഴ്ച രാവിലെ ഏഴരയോടെ കായംകുളം ജോ.ആർ.ടി.ഒ. ഓഫീസിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ബി. ബിജുവാണ് നടപടി സ്വീകരിച്ചത്. രണ്ടു വർഷമായി ഈ ബസ് മോട്ടോർ വാഹന വകുപ്പിന്റെ ഫിറ്റ്നസ് പരിശോധനയ്ക്കു വിധേയമാക്കിയിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ടാക്സും ഇൻഷുറൻസും അടച്ചിട്ടുമില്ല. നിയമലംഘനത്തിന് 11,000 രൂപ പിഴ ഈടാക്കി. ബസ് കരീലക്കുളങ്ങര പോലീസ് സ്റ്റേഷനിലേക്ക് മാറ്റി. ഇൻഷുറൻസും ടാക്സും അടയ്ക്കുകയും




നിയമപരമായി ഫിറ്റ്നസ് പരിശോധനയ്ക്കു വിധേയമാക്കുകയും ചെയ്താൽ മാത്രമേ ബസ് വിട്ടുകൊടുക്കുകയുള്ളൂവെന്ന് മോട്ടോർ വാഹന വകുപ്പ് അധികൃതർ പറഞ്ഞു. രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് ബസ് പരിശോധിച്ചത്. ഇതേ രീതിയിൽ നിയമവിരുദ്ധമായി സർവീസ് നടത്തുന്ന കൂടുതൽ വാഹനങ്ങളുണ്ടെന്നാണ് മോട്ടോർവാഹന വകുപ്പിന് വിവരം ലഭിച്ചിരിക്കുന്നത്. പരിശോധന തുടരുമെന്നും കുട്ടികളെ സ്കൂളിൽ അയയ്ക്കുന്ന വാഹനങ്ങൾക്കു ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകളുണ്ടെന്ന് രക്ഷിതാക്കൾ ഉറപ്പാക്കണമെന്നും അധികൃതർ പറയുന്നു.



# തിരുവനന്തപുരത്ത് വിദ്യാർഥിനികൾക്കു നേരെ ആക്രമണം; ബൈക്കിലെത്തിയ യുവാവ് കടന്നുപിടിച്ചു

തിരുവനന്തപുരം: തലസ്ഥാനത്ത് വീണ്ടും സ്ത്രീകൾക്ക് നേരെ ആക്രമണം. ഐ.എ.എസ്. പരിശീലന ക്ലാസ് കഴിഞ്ഞ് പോകുകയായിരുന്ന വിദ്യാർഥിനികളെ യുവാവ് കടന്നുപിടിച്ചു. കവടിയാറിന് സമീപം പണ്ഡിറ്റ് കോളനിയിലെ യുവധാരാ ലൈനിലാണ് സംഭവമുണ്ടായത്. ബൈക്കിലെത്തിയ ആൾ ബൈക്ക് സമീപത്ത് ഒതുക്കിയ ശേഷമാണ് കുട്ടികളെ കയ്യേറ്റം ചെയ്തത്. ഇതിന്റെ സി.സി.ടി.വി. ദൃശ്യങ്ങൾ പുറത്തുവന്നു. നാല് ദിവസം മുമ്പാണ് സംഭവമുണ്ടായത്. ആക്രമണത്തിന് പിന്നാലെ വിദ്യാർഥിനികൾ അന്നുതന്നെ മ്യൂസിയം സ്റ്റേഷനിൽ പരാതി നൽകുകയും ചെയ്തു. സി.സി.ടി.വിയിൽ പ്രതിയുടെ ദൃശ്യങ്ങളുണ്ടെങ്കിലും ഇയാളെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല എന്നാണ് പോലീസിന്റെ വിശദീകരണം. അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണെന്നും പോലീസ് അറിയിച്ചു.



# രാജ്യദ്രോഹ പ്രവർത്തനം, പോപ്പുലർ ഫ്രണ്ടിനെ നിരോധിച്ച കേന്ദ്രസർക്കാർ നടപടി ശരിവച്ച്കർണാടക ഹൈക്കോടതി

**ബംഗളുരു :** പോപ്പുലർ ഫ്രണ്ടിനെ നിരോധിച്ച കേന്ദ്രസർക്കാർ നടപടി കർണാടക ഹൈക്കോടതി ശരിവച്ചു. കേന്ദ്രസർക്കാർ നടപടിയിൽ ഇടപെടാൻ കാരണം കാണുന്നില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് സിംഗിൾ ബെഞ്ചിന്റെ ഉത്തരവ്.പോപ്പുലർ ഫ്രണ്ട് നേതാവ് നാസിർ പാഷ നൽകിയ ഹർജി കോടതി തള്ളി. സെപ്തംബർ 28നാണ് പോപ്പുലർ ഫ്രണ്ടിനെയും അനുബന്ധ സംഘടനകളെയും അഞ്ചുവർഷത്തേക്ക് നിരോധിച്ച് സർക്കാർ ഉത്തരവിട്ടത്. രാജ്യദ്രോഹ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു, ഭീകരവാദ സംഘടനകളുമായി ബന്ധം പുലർത്തുന്നു തുടങ്ങിയ കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് നടപടി. വിലക്ക് ഭരണഘടനാവിരുദ്ധമാണെന്നാണ് ഹർജിക്കാർ കോടതിയിൽ വാദിച്ചത്.നിരോധനം പ്രഖ്യാപിക്കുന്നതിന് ആവശ്യമായ കാരണങ്ങൾ വിജ്ഞാപനത്തിൽ നൽകിയിട്ടുണ്ടെന്നും ഇതിൽ നിയമവിരുദ്ധമായി ഒന്നുമില്ലെന്നും കേന്ദ്രസർക്കാരിന് വേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർ മേത്ത വാദിച്ചു. ഇത് അംഗീകരിച്ചു കൊണ്ട് ജസ്റ്റിസ് എം. നാഗപ്രസന്ന ഹർജി തള്ളുകയായിരുന്നു.



# ആര്യ രാജേന്ദ്രനെ സംരക്ഷിച്ച് സർക്കാർ; മേയർ കത്തയച്ചിട്ടില്ല, കേസിൽ CBI വേണ്ടെന്ന് കോടതിയിൽ

**കൊച്ചി:** തിരുവനന്തപുരം കോർപ്പറേഷൻ നിയമനത്തിൽ പാർട്ടിപ്പട്ടിക തേടി അയച്ച കത്ത് വിവാദത്തിൽ മേയർ ആര്യ രാജേന്ദ്രനെ സംരക്ഷിച്ച് സംസ്ഥാന സർക്കാർ. സി.പി.എം. തിരുവനന്തപുരം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പന് താൻ കത്തയച്ചിട്ടില്ലെന്നും പുറത്തുവന്ന കത്ത് തന്റേതല്ലെന്നും മേയർ മൊഴി നൽകിയതായി സർക്കാർ ഹൈക്കോടതിയിൽ പറഞ്ഞു. സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജിയിലാണ് സർക്കാരിന്റെ പ്രതികരണം. കത്തിന്റെ ഉറവിടം തേടിയുള്ള അന്വേഷണം സി.ബി.ഐ.ക്ക് കൈമാറേണ്ടതില്ലെന്ന് സർക്കാർ കോടതിയിൽ പറഞ്ഞു. ക്രൈംബ്രാഞ്ച് അന്വേഷണത്തിൽതന്നെ കാര്യമായ പുരോഗതിയുണ്ടായിട്ടുണ്ട്. കേസ് അന്വേഷിക്കാനുള്ള സമയം ക്രൈംബ്രാഞ്ചിന് അനുവദിക്കണം. വ്യാജരേഖ ചമച്ചത് ഉൾപ്പെടെയുള്ള എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം മുന്നോട്ടുപോവുകയാണ്. അതിനിടയിൽ കോടതി ഇടപെടലോ അന്വേഷണ ഏജൻസിയെ മാറ്റുകയോ ചെയ്യരുതെന്നും സർക്കാർ പറഞ്ഞു. കത്ത് മേയർ സ്ഥലത്തില്ലാത്ത സമയത്താണ് തയ്യാറാക്കപ്പെട്ടതെന്നും സർക്കാർ പറയുന്നു. ഈ കേസിൽ പരാതി നൽകിയ ഉടൻതന്നെ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഹർജി നൽകിയിരുന്നു. ജുഡീഷ്യൽ അന്വേഷണമോ സി.ബി.ഐ. അന്വേഷണമോ നടത്തണമെന്ന് ആവശ്യപ്പെട്ട് തിരുവനന്തപുരം മെഡിക്കൽ കോളേജ് വാർഡ് മുൻ കൗൺസിലർ ജി.എസ്. ശ്രീകുമാറാണ് ഹർജി നൽകിയത്. ഇത്തരത്തിൽ പരാതി നൽകിയ ഉടൻതന്നെ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഹർജി നൽകുക എന്നത് തെറ്റായ കീഴ്വഴക്കമാണെന്നും സർക്കാർ കോടതിയിൽ വാദിച്ചു. കേസിൽ വിശദമായ വാദം കേൾക്കുകയാണ് ജസ്റ്റിസ് കെ. ബാബു. കത്ത് വിവാദമായതോടെ അന്വേഷണം ആവശ്യപ്പെട്ട് മേയർ മുഖ്യമന്ത്രി പിണറായി വിജയന് പരാതി നൽകിയിരുന്നു. തുടർന്നാണ് ക്രൈംബ്രാഞ്ച് കേസ് അന്വേഷിച്ചത്.

# കാമുകനൊപ്പം ചേർന്ന് ഭർത്താവിനെ കൊന്ന യുവതി മരിച്ചനിലയിൽ; വിഷം കഴിച്ച കാമുകൻ ആശുപത്രിയിൽ

**മലപ്പുറം:** കാമുകനൊപ്പം ചേർന്ന് ഭർത്താവിനെ കൊലപ്പെടുത്തിയ കേസിൽ പ്രതിയായ യുവതിയെ വാടക ക്വാർട്ടേഴ്സിൽ മരിച്ചനിലയിൽ കണ്ടെത്തി. താനൂർ സ്വദേശിയായ സൗജത്തിനെ(30)യാണ് കൊണ്ടോട്ടി വലിയപറമ്പിലെ വാടക ക്വാർട്ടേഴ്സിൽ മരിച്ചനിലയിൽ കണ്ടെത്തിയത്. സൗജത്തിന്റെ കാമുകനായ ബഷീറി(28)നെ വിഷം ഉള്ളിൽച്ചെന്ന് അവശനിലയിലും കണ്ടെത്തിയിട്ടുണ്ട്. ഇയാൾ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. കഴുത്തിൽ ഷാൾ മുറുക്കിയനിലയിലാണ് സൗജത്തിന്റെ മൃതദേഹം കണ്ടത്. കൊലപാതകമാണെന്നാണ് പ്രാഥമിക നിഗമനം. അതേസമയം, സൗജത്തിനൊപ്പം താമസിച്ചിരുന്ന കാമുകൻ ബഷീറിനെ കോട്ടയ്ക്കലിലാണ് വിഷം കഴിച്ചനിലയിൽ കണ്ടെത്തിയത്. വിഷം കഴിച്ചശേഷം ഇയാൾ തന്നെ സഹോദരിയെ ഫോണിൽ വിളിച്ചറിയിച്ചെന്നാണ് വിവരം. തുടർന്ന് ബന്ധുക്കളെത്തി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. 2018ലാണ് താനൂർ സ്വദേശി പൗറകത്ത് സവാദി(40)നെ ഭാര്യ സൗജത്തും കാമുകനായ ബഷീറും ചേർന്ന് അതിക്രൂരമായി കൊലപ്പെടുത്തിയത്. വീടിന്റെ സിറ്റൗട്ടിൽ കിടന്നുറങ്ങുകയായിരുന്ന സവാദിനെ ബഷീർ തലയ്ക്കടിക്കുകയായിരുന്നു. പിന്നാലെ കഴുത്തറുത്ത് സൗജത്ത് മരണം ഉറപ്പുവരുത്തുകയും ചെയ്തു. സംഭവത്തിന്റെ പിറ്റേദിവസം തന്നെ സൗജത്തിനെ പോലീസ് പിടികൂടിയിരുന്നു. കൃത്യം നടത്തിയശേഷം വിദേശത്തേക്ക് മുങ്ങിയ ബഷീറിനെ പിന്നീട് നാട്ടിൽ തിരിച്ചെത്തിച്ചും അറസ്റ്റ് ചെയ്തു. പിന്നീട് ജാമ്യത്തിലിറങ്ങിയ ഇരുവരും ജില്ലയിലെ വിവിധഭാഗങ്ങളിലെ വാടകക്വാർട്ടേഴ്സുകളിലാണ് താമസിച്ചുവന്നിരുന്നത്. ആറുമാസം മുമ്പാണ് ഇവർ കൊണ്ടോട്ടി വലിയപറമ്പിൽ താമസം ആരംഭിച്ചതെന്നാണ് വിവരം. സവാദ് കൊലക്കേസിൽ പ്രതികളെ സഹായിച്ചതിന് ബഷീറിന്റെ സുഹൃത്തായ സൂഫിയാനും അറസ്റ്റിലായിരുന്നു.



# സംസ്ഥാന കായിക മേളക്ക് വിപുലമായ സൗകര്യങ്ങൾ സജ്ജം: മന്ത്രി വി ശിവൻകുട്ടി



അറുപത്തി നാലാമത് സംസ്ഥാന സ്കൂൾ കായികോത്സവം ഡിസംബർ 3 മുതൽ 6 വരെ തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, യൂണിവേഴ്സിറ്റി സ്റ്റേഡിയം എന്നിവിടങ്ങളിൽ വച്ച് നടത്തുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. നാല് വർഷത്തെ ഇടവേളയ്ക്കുശേഷമാണ് തലസ്ഥാന നഗരി കായികോത്സവത്തിന് ആതിഥ്യമരുളുന്നത്. കോവിഡ് മഹാമാരിയുടെ രണ്ട് വർഷത്തെ ഇടവേളയ്ക്കുശേഷം നടക്കുന്ന ആദ്യ സംസ്ഥാന സ്കൂൾ കായികോത്സവത്തിൽ സബ് ജൂനിയർ ബോയ്സ് ആൻഡ് ഗേൾസ് (U/14), ജൂനിയർ ബോയ്സ് ആൻഡ് ഗേൾസ് (U/17), സീനിയർ ബോയ്സ് ആൻഡ് ഗേൾസ് (U/19) എന്നീ കാറ്റഗറികളിലായി ആകെ 2737 മത്സരാർഥികൾ പങ്കെടുക്കും. ഇതിൽ 1443 ആൺകുട്ടികളും, 1294 പെൺകുട്ടികളും ഉൾപ്പെടുന്നു. 350-ഓളം ഒഫിഷ്യൽസും, മേളയിൽ പങ്കെടുക്കും. ഇന്ത്യയിൽ തന്നെ ആദ്യമായി സംസ്ഥാന സ്കൂൾ കായികോത്സവം പകലും രാത്രിയുമായി നടത്തപ്പെടുകയാണ്. 86 വ്യക്തിഗത ഇനങ്ങളും രണ്ട് ക്രോസ് കൺട്രി മത്സരങ്ങളും 10 ടീം ഇനങ്ങളും (റിലേ) ഉൾപ്പെടെ ആകെ 98 ഇനങ്ങളിലാണ് മത്സരങ്ങൾ നടക്കുന്നതെന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഗതാഗത മന്ത്രി ആന്റണി രാജുവും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.മേളയ്ക്കുള്ള തയ്യാറെടുപ്പുകൾ ഗ്രൗണ്ടുകളും വിദ്യാർഥികൾക്കാവശ്യമായ ഭക്ഷണ താമസ സൗകര്യങ്ങളും സമയബന്ധിതമായ ഫല പ്രഖ്യാപനവുമുൾപ്പെടെ വിപുലമായ സൗകര്യങ്ങൾ സജ്ജമാക്കിയാതായി മന്ത്രി പറഞ്ഞു. ഹാമ്മർ ത്രോ, ഷോട്ട് പുട്ട്, ഡിസ്കസ് ത്രോ എന്നീ ത്രോയിംഗ് ഇനങ്ങളും കുട്ടികളുടെ വാർമിംഗ് അപ് ഏരിയ, ഫസ്റ്റ് കോൾ റൂം എന്നിവയും യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ സജ്ജമാക്കിയിട്ടുണ്ട്. ഇരു സ്റ്റേഡിയങ്ങളിലും അലോപ്പതി, ഹോമിയോപ്പതി, ആയുർവേദം, ഫിസിയോ തെറാപ്പിസ്റ്റ്, ആമ്പുലൻസ് എന്നീ വിഭാഗങ്ങൾ ഉൾപ്പെടുത്തിയുള്ള മെഡിക്കൽ ടീം സജ്ജീകരിച്ചിട്ടുണ്ട്. ഇരു സ്റ്റേഡിയങ്ങളിലും ടോയ്‌ലെറ്റ് സൗകര്യം, വെള്ളത്തിന്റെ ലഭ്യത, കായിക താരങ്ങൾക്കും ഒഫീഷ്യൽസിനുമുള്ള കുടിവെള്ളം തുടങ്ങിയവ ഉണ്ടാകുന്നതാണ്. മത്സരത്തിനായി എല്ലാവിധ ആധുനിക സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. സ്പോർട്സ് സ്പെസിഫിക്ക് വോളന്റിയർമാരായി അറുപത്തഞ്ചോളം പേരെ സജ്ജീകരിച്ചിട്ടുണ്ട്. ഒഫിഷ്യൽസ്, വോളന്റിയേഴ്സ് ഇവർക്കുള്ള ഓറിയന്റേഷൻ ക്ലാസ് ഡിസംബർ രണ്ടിന് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടക്കും. നഗരത്തിലെ ഇരുപതോളം സ്കൂളുകളിലാണ് കായിക താരങ്ങളെ താമസിപ്പിക്കുന്നത്. താമസ സ്ഥലങ്ങളിൽ വൈദ്യുതി, ആവശ്യത്തിന് വെള്ളം, സുരക്ഷാ ക്രമീകരണങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. വാമിംഗ് അപ് കഴിഞ്ഞ് കുട്ടികളെ പ്രധാന സ്റ്റേഡിയത്തിൽ എത്തിക്കാൻ വാഹനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ആദ്യ ദിവസം രാവിലെ 7 മണിക്കും മറ്റെല്ലാ ദിവസങ്ങളിലും രാവിലെ 6.30 നും ആയിരിക്കും മത്സരങ്ങൾ ആരംഭിക്കുന്നത്. ക്രോസ് കൺട്രി മത്സരങ്ങൾ അവസാന ദിവസമായ ആറാം തീയതി രാവിലെ 6.30 ന് നടക്കും. ക്രോസ് കൺട്രി മത്സരം ചാക്ക എയർപോർട്ട് റോഡിൽ നിന്ന് ആരംഭിച്ച് സ്റ്റേഡിയത്തിൽ അവസാനിക്കുന്ന രൂപത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്. ആൺകുട്ടികൾക്ക് ആറ് കിലോമീറ്ററും പെൺകുട്ടികൾക്ക് നാല് കിലോമീറ്ററും ആണ് മത്സരിക്കേണ്ടത്.ഇരു സ്റ്റേഡിയങ്ങളിലും നടക്കുന്ന മത്സരങ്ങളുടെ ഫലങ്ങൾ ഉടൻ മാധ്യമങ്ങളെയും, സ്റ്റേഡിയത്തിലെ ബിഗ് സ്ക്രീനിലും, ഓൺലൈനായി അറിയിക്കും. നിലവിൽ 2019 വരെയുള്ള സംസ്ഥാന സ്കൂൾ കായികമേളയുടെ സ്റ്റേറ്റ് റെക്കോർഡുകളെല്ലാം ലഭ്യമാക്കിയിട്ടുണ്ട്. 2018 മുതൽ ദേശീയ സ്കൂൾ കായികമേളയുടെ റെക്കോഡുകൾ സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇന്ത്യാ അപ്ഡേറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ദേശീയ റെക്കോർഡ് കണ്ടെത്തുന്നതിന് നിലവിൽ സാഹചര്യമില്ല. എന്നാൽ സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇന്ത്യാ ദേശീയ റെക്കോർഡുകൾ അപ്ഡേറ്റ് ചെയ്യുന്ന മുറയ്ക്ക് ഇത് ലഭ്യമാക്കുന്നതാണ്. മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിക്കുന്ന ജില്ലകൾക്ക് യഥാക്രമം രണ്ട് ലക്ഷത്തി ഇരുപതിനായിരം, ഒരു ലക്ഷത്തി അറുപത്തി അയ്യായിരം, ഒരു ലക്ഷത്തി പതിനായിരം എന്നിങ്ങനെ സമ്മാനതുക നൽകും. ഓരോ വിഭാഗത്തിലും വ്യക്തിഗത ചാമ്പ്യൻമാരാകുന്ന കുട്ടികൾക്ക് നാല് ഗ്രാം സ്വർണ്ണപ്പതക്കം സമ്മാനമായി നൽകും. കൂടാതെ സംസ്ഥാന റെക്കോഡ് സ്ഥാപിക്കുന്ന കായിക താരങ്ങൾക്ക് നാലായിരം രൂപ വീതം സമ്മാന തുക നൽകും.ഫുഡ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കുട്ടികളുടെ ഭക്ഷണ വിതരണം സെന്റ് ജോസഫ് സ്കൂളിൽ ക്രമീകരിച്ചിട്ടുണ്ട്. ഒരേ സമയം എണ്ണൂറിൽപ്പരം മത്സരാർത്ഥികൾക്ക് ഭക്ഷണം കഴിക്കാൻ സാധിക്കുന്ന രീതിയിലാണ് സൗകര്യങ്ങളൊരുക്കിയിട്ടുള്ളത്. പബ്ലിസിറ്റി കമ്മിറ്റിയുടെ നേതൃത്വത്തിൽ വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജില്ലയിലെ വിവിധ സ്കൂളുകളിൽ ബോർഡുകളും, ബാനറുകളും സ്ഥാപിച്ചു. വിവിധ സ്കൂളുകൾ നഗരത്തിന്റെ പല ഭാഗങ്ങളിൽ കായികമേളയുടെ വിളംബരത്തിനായി ഫ്ളാഷ് മോബുകൾ, റാലികൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. പ്രചാരണാർത്ഥം ബൈക്ക് റാലികൾ ദീപശിഖ റാലി എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേരുന്ന മത്സരാർത്ഥികൾക്ക് പ്രൗഢ ഗംഭീര സ്വീകരണം നൽകുന്നതിനുള്ള നടപടികൾ റിസപ്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചെയ്യുന്നതാണ്.രജിസ്ട്രേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ രണ്ടാം തീയതി മുതൽ എസ്.എം.വി. സ്കൂളിൽ രജിസ്ട്രേഷൻ ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ പൂർത്തിയാക്കി ഉടൻ തന്നെ ട്രാൻസ്പോർട്ട് കമ്മിറ്റി മത്സരാർത്ഥികളെ അക്കോമഡേഷൻ സെന്ററിൽ എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങളും പൂർത്തീകരിച്ചതായും മന്ത്രി പറഞ്ഞു. പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ. ജീവൻ ബാബുവും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# അടുത്ത അധ്യയന വർഷം നഴ്സിങ് മേഖലയിൽ സീറ്റുകൾ വർധിപ്പിക്കും:മന്ത്രി വീണാ ജോർജ്ജ്

അടുത്ത അധ്യയന വർഷം മുതൽ നഴ്സിങ് മേഖലയിൽ സീറ്റുകൾ വർദ്ധിപ്പിക്കാനാണ് സർക്കാർ നീക്കമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. കോവിഡ് ഡ്യൂട്ടിക്കിടെ മരണപ്പെട്ട നഴ്സുമാരുടെ കുടുംബത്തിനുള്ള ധനസഹായ വിതരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഗുണനിലവാരത്തിൽ വിട്ടുവീഴ്ചയില്ലാത്ത വിധം കൂടുതൽ പേർക്ക് നാഴ്സിങ് മേഖലയിൽ കടന്നുവരാൻ ഇതുവഴി സാധിക്കും. ന്ഴ്സിങ് മേഖലയിലെ വിദ്യാഭ്യാസത്തിന് വിവിധ തരത്തിലുള്ള സൗകര്യങ്ങളൊരുക്കാൻ ഇതിനിടെ സർക്കാരിന് കഴിഞ്ഞെന്നും മന്ത്രി കൂട്ടിച്ചേർത്തു. പലപ്പോഴും സ്വന്തം ജീവൻ പണയംവെച്ച് ജോലി ചെയ്യുന്ന ആരോഗ്യ പ്രവർത്തകർക്കെതിരെയുണ്ടാകുന്ന അതിക്രമ സംഭവങ്ങൾ അനുവദിക്കാനാവില്ലെന്നും മന്ത്രി പറഞ്ഞു. ആരോഗ്യ പ്രവർത്തകരെ സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്, മന്ത്രി വ്യക്തമാക്കി.കോവിഡ് 19 ബാധിച്ചോ, കോവിഡ് ഡ്യൂട്ടിക്ക് വരുമ്പോഴോ,ഡ്യൂട്ടി കഴിഞ്ഞ് പോകുമ്പോഴോ ഉണ്ടാകുന്ന അപകടത്തിൽപെട്ടോ മരണം സംഭവിച്ചവർക്കാണ് കേരള നഴ്സസ്സ് ആന്റ് മിഡൈ്വവ്സ് കൗൺസിൽ ഫണ്ടിൽ നിന്ന് 2 ലക്ഷം രൂപ വീതം കുടുംബത്തിന് ധനസഹായം കൈമാറിയത്. കോവിഡ് ബാധിച്ച് മരണപ്പെട്ട വർക്കല താലൂക്ക് ആശുപത്രിയിലെ സരിത പി എസ്, നെയ്യാറ്റിൻകര നിംസ് മെഡിസിറ്റിയിൽ സ്റ്റാഫ് നഴ്സായി ജോലി ചെയ്യുന്നതിനിടെ കോവിഡ് ബാധിച്ച് മരണപ്പെട്ട ഗായത്രി ദേവി.എസ്, 108 ആംബുലൻസ് സർവ്വീസിൽ സ്റ്റാഫ് നേഴ്സായി സേവനമനുഷ്ഠിക്കുന്നതിനിടെ ഡ്യൂട്ടിക്കിടെയുണ്ടായ അപകടത്തിൽ മരണപ്പെട്ട മെൽബിൻ ജോർജ്ജ്, ആസ്റ്റർ മലബാർ മെഡിസിറ്റിയിൽ സേവനമനുഷ്ഠിക്കുന്നതിനിടെ ഡ്യൂട്ടിക്ക് പോകുമ്പോഴുണ്ടായ അപകടത്തിൽ മരണപ്പെട്ട ദിവ്യ ജോർജ്ജ്, ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിൽ കുന്നംകുളം താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് നേഴ്സായി സേവനമനുഷ്ഠിക്കുന്നതിനിടെ ഡ്യൂട്ടി കഴിഞ്ഞ് പോകുമ്പോഴുണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ട ആഷിഫ്.എ.എ എന്നിവരുടെ കുടുംബത്തിനാണ് ധനസഹായം നൽകിയത്.ആദ്യ ഘട്ട ധനസഹായ വിതരണമാണ് നൽകിയത്. ഡിസംബർ 31 വരെ അപേക്ഷകൾ സമർപ്പിക്കുന്നതിന് സമയം നൽകിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ അപേക്ഷ സമർപ്പിച്ച 5 കുടുംബങ്ങൾക്കാണ് 2 ലക്ഷം രൂപ വീതം കൗൺസിലിന്റെ ഫണ്ടിൽ നിന്നും ധനസഹായം കൈമാറിയിട്ടുള്ളത്. ആരോഗ്യ വകുപ്പ് ഡയറക്ടർ വി മീനാക്ഷി അധ്യക്ഷയായി. കേരള നഴ്സസ്സ് ആന്റ് മിഡൈ്വവ്സ് കൗൺസിൽ പ്രസിഡന്റ് ഉഷ ദേവി പി, രജിസ്ട്രാർ പ്രൊഫ.സുലേഖ.എ.റ്റി, വൈസ് പ്രസിഡന്റ് ഉഷ.റ്റി.പി, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു, നഴ്സിംഗ് വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ ഡോ.സലീനാ ഷാ, നഴ്സിംഗ് സർവ്വീസ് അഡീഷണൽ ഡയറക്ടർ ശോഭന.എം.ജി എന്നിവർ പ്രസംഗിച്ചു.

# ആലപ്പുഴ നഗരചത്വരം: നവീകരണം നാലുമാസത്തിനകം

**ആലപ്പുഴ:** ആലപ്പുഴ നഗരത്തിന്റെ മുഖമുദ്രയായ നഗരചത്വരത്തിന്റെ പ്രൗഢി കൂട്ടി ആധുനികമാക്കുന്നു. 2022-23 വർഷത്തെ ബജറ്റിൽ വകയിരുത്തിയ മൂന്നു കോടി രൂപ വിനിയോഗിച്ചാണ് നഗരചത്വരത്തിന്റെ മോടി കൂട്ടി വിനോദ- സാംസ്കാരിക കേന്ദ്രമാക്കുന്നത്.മേൽക്കൂര നിർമാണം, സ്റ്റേജിന് മോടി കൂട്ടൽ, ബാൽക്കണി നിർമാണം, ടൈൽ പാകൽ തുടങ്ങിയ നവീകരണങ്ങൾ നടത്തിയാണ് നഗരചത്വരത്തെ ആധുനികമാക്കി മാറ്റുന്നത്. നഗരചത്വരത്തെ ആധുനികവത്കരിക്കുക എന്ന ആശയം പി.പി. ചിത്തരഞ്ജൻ എം.എൽ.എ.യായിരുന്നു മുന്നോട്ട് വെച്ചത്. മേൽക്കൂര നിർമിക്കുന്നതോടെ പകൽ സമയങ്ങളിലും ഇവിടെ പരിപാടികൾ നടത്താൻ സാധിക്കും. ബാൽക്കണി നിർമിക്കുന്നതോടെ ഒരേ സമയം 1500 പേരെ വരെ ഉൾക്കൊള്ളിക്കാനാകും. പൊതു ഇടങ്ങൾ കുറവുള്ള നഗരത്തിന്റെ മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന നഗരചത്വരം കലാപരിപാടികൾക്കും സമ്മേളനങ്ങൾക്കുമുള്ള വേദിയായാണ് നിലവിൽ ഉപയോഗിക്കുന്നത്. ജില്ല കളക്ടർ വി.ആർ. കൃഷ്ണ തേജയുടെ അധ്യക്ഷതയിൽ പി.പി. ചിത്തരഞ്ജൻ എം.എൽ.എ., നഗരസഭ ചെയർപേഴ്സൺ സൗമ്യ രാജ് എന്നിവരുടെ സാന്നിധ്യത്തിൽ കളക്ടറേറ്റിൽ ഇതുമായി ബന്ധപ്പെട്ട് യോഗം ചേർന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് തയ്യാറാക്കിയ വീഡിയോയിലൂടെ യോഗത്തിൽ പദ്ധതി വിശദീകരിച്ചു. ആലപ്പുഴയിലെ ഒരു കൂട്ടം യുവ ആർക്കിടെക്ടുമാരാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.നാല് മാസത്തിനുള്ളിൽ നവീകരണം തുടങ്ങാനാണ് തീരുമാനം. ഇതിനായി എത്രയും വേഗം എസ്റ്റിമേറ്റെടുത്ത് ടെണ്ടർ നടപടി ആരംഭിക്കാൻ കളക്ടർ നിർദേശം നൽകി. രണ്ടാംഘട്ട നവീകരണത്തിന്റെ ഭാഗമായി ഡൈനിംഗ് റൂം ഉൾപ്പടെയുള്ള സൗകര്യങ്ങൾ ഒരുക്കാനാണ് പദ്ധതി.ആലപ്പുഴ നഗരസഭയിൽ പി.പി. ചിത്തരഞ്ജൻ ചെയർമാനായിരുന്ന ഭരണസമിതിയാണ് നഗരചത്വരം നിർമിച്ചത്. രണ്ടേകാൽ കോടി രൂപ വിനിയോഗിച്ച് നിർമിച്ച നഗരചത്വരം നഗരത്തിലെ പ്രധാന കേന്ദ്രങ്ങളിൽ ഒന്നാണ്. 2012 ലായിരുന്നു നഗരചത്വരത്തിന്റെ ഉദ്ഘാടനം.യോഗത്തിൽ ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ കെ.പി. രാധാകൃഷ്ണൻ പിള്ള, പ്രോജക്ട് എൻജിനീയർ എസ്.എസ്. വിനോദ്കുമാർ, ആർക്കിടെക്ടുമാരായ അർജുൻ എസ്. കുമാർ, ഷിജിൻ രാജ്, ശരത്, ഡി.ടി.പി.സി. സെക്രട്ടറി ലിജോ എബ്രഹാം എന്നിവർ പങ്കെടുത്തു.




# എടിഎമ്മിൽ നിന്ന് പണം പിൻവലിക്കാൻ ഒടിപി വേണം



**ന്യൂഡൽഹി:** പുതിയ മാസം തുടങ്ങുന്ന നാളെ മുതൽ സാമ്ബത്തിക രംഗത്ത് നിരവധി മാറ്റങ്ങളാണ് ഉണ്ടാവുക.എടിഎമ്മിൽ നിന്ന് പണം പിൻവലിക്കുന്നതിനുള്ള വ്യവസ്ഥ, ഗാർഹിക സിലിണ്ടർ വില, റെയിൽവേ ടൈം ടേബിൾ തുടങ്ങി നിരവധി രംഗങ്ങളിലാണ് മാറ്റങ്ങൾ വരുന്നത്.പഞ്ചാബ് നാഷണൽ ബാങ്കിന്റെ എടിഎമ്മിൽ നിന്ന് അക്കൗണ്ട് ഉടമ പണം പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളിലാണ് നാളെ മുതൽ മാറ്റം വരുന്നത്. സുരക്ഷ കണക്കിലെടുത്ത് എസ്ബിഐ അടക്കമുള്ള ബാങ്കുകളിൽ നടപ്പാക്കിയത് പോലെ എടിഎമ്മിൽ നിന്ന് പണം പിൻവലിക്കുന്നതിന് വൺ ടൈം പാസ് വേർഡ് വേണം. ഡെബിറ്റ് കാർഡ് ഉപയോഗിച്ച് എടിഎമ്മിൽ നിന്ന് പണം പിൻവലിക്കുമ്ബോഴാണ് ഡിസംബർ ഒന്നുമുതൽ വൺ ടൈം പാസ് വേർഡ് നിർബന്ധമാക്കിയത്.അക്കൗണ്ടുടമ ഡെബിറ്റ് കാർഡ് ഉപയോഗിച്ച് എടിഎമ്മിൽ നിന്ന പണം പിൻവലിക്കാൻ ശ്രമിക്കുമ്ബോൾ തന്നെ വൺ ടൈം പാസ് വേർഡ് ലഭിക്കും. ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ചിരിക്കുന്ന രജിസ്റ്റേർഡ് മൊബൈൽ നമ്ബറിലേക്കാണ് ഒടിപി എത്തുക. ഒടിപി നൽകിയ ശേഷമാണ് എടിഎം പിൻ ആവശ്യപ്പെടുക. പിൻ നമ്ബർ നൽകിയ ശേഷം ഇടപാട് നടത്താൻ കഴിയുംവിധമാണ് പിഎൻബി എടിഎമ്മുകളിൽ ക്രമീകരണം നടത്തിയിരിക്കുന്നത്. ഒറ്റത്തവണയായി പതിനായിരം രൂപയിലധികം പിൻവലിക്കാൻ ശ്രമിക്കുമ്ബോഴാണ് സുരക്ഷയുടെ ഭാഗമായി ഒടിപി സംവിധാനം ഒരുക്കിയത്.വിരമിച്ച സർക്കാർ ജീവനക്കാർക്ക് പെൻഷൻ ലഭിക്കാൻ വർഷാവർഷം ലൈഫ് സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ട്. നവംബർ 30ആണ് ഇതിന്റെ സമയപരിധി. ഇതിനകം ലൈഫ് സർട്ടിഫിക്കറ്റ് നൽകി വരുംമാസങ്ങളിലും പെൻഷൻ മുടങ്ങാതെ ലഭിക്കുമെന്ന് ഉറപ്പാക്കണമെന്നാണ് അധികൃതർ ആവർത്തിച്ച് പറയുന്നത്. ബാങ്ക് ശാഖയിൽ പോയോ, ഓൺലൈൻ വഴിയോ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാവുന്നതാണ്. ഇത് കൃത്യസമയത്ത് സമർപ്പിച്ചില്ലായെങ്കിൽ പെൻഷൻ ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടാം.സിഎൻജി, പിഎൻജി, എൽപിജി സിലിണ്ടർ എന്നിവയുടെ വില പുനഃപരിശോധിക്കുന്നത് എല്ലാ മാസത്തിന്റെയും തുടക്കത്തിലാണ്. അങ്ങനെ നോക്കുമ്ബോൾ വരുന്ന ഡിസംബർ ഒന്നുമുതലുള്ള ഒരാഴ്ച നിർണായകമാണ്. എല്ലാം മാസത്തിന്റെയും ആദ്യ ദിവസമാണ് എൽപിജിയുടെ വില പുനഃ പരിശോധിക്കുന്നത്. ആഴ്ചകൾക്ക് മുൻപ് വാണിജ്യ സിലിണ്ടറിന്റെ വില എണ്ണവിതരണ കമ്ബനികൾ കുറച്ചിരുന്നു. എന്നാൽ ഗാർഹിക സിലിണ്ടറുകളുടെ വിലയിൽ മാറ്റം വരുത്തിയിട്ടില്ല. അതേപോലെ തന്നെ പിഎൻജി, സിഎൻജി എന്നിവയുടെ വിലയും ഡിസംബർ ആദ്യവാരം പുനഃപരിശോധനയ്ക്ക് വിധേയമാക്കും.അടുത്ത മാസം ബാങ്കുകൾ മൊത്തം 14 ദിവസം അടഞ്ഞുകിടക്കും. പ്രാദേശിക അടിസ്ഥാനത്തിൽ ഇതിൽ വ്യത്യാസമുണ്ടാകും. വാരാന്ത്യ അവധികൾ ഉൾപ്പെടെയാണിത്. ക്രിസ്മസ് ഞായറാഴ്ചയാണ്. വർഷാന്ത്യ ദിവസം, ഗുരു ഗോബിന്ദ് സിങ്ങിന്റെ ജന്മദിനം ഉൾപ്പെടെയുള്ള അവധികളും വരുന്നുണ്ട്. എന്നാൽ ഓൺലൈൻ ബാങ്കിങ്ങിലൂടെ ഇടപാട് നടത്താൻ കഴിയും.ശൈത്യകാലം കണക്കിലെടുത്ത് അടുത്ത മാസം ട്രെയിൻ സമയങ്ങളിൽ മാറ്റം വരുത്തിയെന്ന് വരാം. ഡിസംബർ ഒന്നിനാണ് ഇതുസംബന്ധിച്ച് റെയിൽവേയുടെ ഭാഗത്ത് നിന്ന് അറിയിപ്പ് ഉണ്ടാവുക. കഴിഞ്ഞ മാസം 13000 ട്രെയിനുകളുടെ സമയത്തിലാണ് റെയിൽവേ മാറ്റം വരുത്തിയത്. 30 രാജധാനി ട്രെയിനുകളുടെ സമയക്രമത്തിലും മാറ്റം വരുത്തിയിട്ടുണ്ട്.

# ലോക എയ്ഡ്സ് ദിനം

ലോകമെമ്പാടും എല്ലാ വർഷവും എയ്ഡ്സ് മഹാമാരിക്കെതിരേയുള്ള ബോധവൽക്കരണത്തിനായി നീക്കിവച്ചിട്ടുള്ള ദിവസമാണ് ഡിസംബർ ഒന്ന്. ഇത് ലോക എയിഡ്സ് ദിനമായി അറിയപ്പെടുന്നു.എയിഡ്സ് പകരുന്ന വഴികൾ, പ്രതിരോധ മാർഗങ്ങൾ, ചികിത്സ, എന്നിവയെക്കുറിച്ച് രാജ്യാന്തര തലത്തിൽ അവബോധമുണ്ടാക്കുക, രോഗത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ നീക്കുക, എയിഡ്സ് പോരാട്ടത്തിൽ രാജ്യാന്തര സഹകരണം ഉറപ്പുവരുത്തുക എന്നിവയാണ് ദിനാചരണ ലക്ഷ്യങ്ങൾ.ലോകാരോഗ്യ സംഘടനയിലെ ജെയിംസ് ഡബ്ലിയു. ബന്നും, തോമസ് നെട്ടരും ചേർന്ന് 1987 ലാണ് ലോക എയ്ഡ്സ് ദിനം എന്ന ആശയം മുന്നോട്ടു വച്ചത്. ഐക്യരാഷ്ട്രസഭയുടെ എയിഡ്സ് വിഭാഗം മേധാവിയായിരുന്ന ജോനാഥൻ മാൻ ഇത് അംഗീകരിക്കുകയും, 1988 ഡിസംബർ ഒന്ന് ആദ്യത്തെ ലോക എയിഡ്സ് ദിനമാവുകയും ചെയ്തു.1996-ൽ ആരംഭിച്ച യുഎൻഎയിഡ്സ് ആണ് ലോക എയിഡ്സ് ദിന പ്രചാരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള എയിഡ്സ് നിയന്ത്രണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നത്. ഒരു ദിവസത്തെ പ്രചാരണത്തിൽ ഒതുക്കാതെ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന എയിഡ്സ്-വിരുദ്ധ-പ്രതിരോധ-വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആണ് യുഎൻ എയിഡ്സ് 1997 മുതൽ നടപ്പാക്കുന്നത്.




സെക്യൂരിറ്റി ജോലി ആവശ്യം ഉള്ളവരും.
സെക്യൂരിറ്റികളെ ആവശ്യം ഉള്ളവരും ബന്ധപെടുക

**പരബ്രഹ്മ സെക്യൂരിറ്റി സർവീസ്**

ആലപ്പുഴ , ഹരിപ്പാട്, മാവേലിക്കര, കായംകുളം എന്നിവിടങ്ങളിൽ ഞങ്ങളുടെ സേവനം ലഭ്യമാണ്

ഹോം നഴ്സിംഗ് , ഹൗസ് കീപ്പിംഗ് , ക്ലീനിംഗ് ജോലിക്കാരെയും നൽകും

**വിളിക്കുക**

9995711426
9497152942

ഹോം നഴ്സിംഗ് , രോഗി പരിചരണം എന്നിവ ഉത്തരവാദിത്തോടു കൂടി ചെയ്ത് കൊടുക്കുന്നു ഹോംനഴ്സ് ജോലിക്ക് ആളെ ആവശ്യം ഉള്ളവരും, ഹോംനഴ്സ് ജോലി ആവശ്യം ഉള്ളവരും. ബന്ധപെടുക.
Kayamkulam, Mavelikara, Harippad ഉള്ളവർക്കു മുൻഗണന.






*എംവൈകെ ലാറ്റിക്രീറ്റ് എംഎസ് ധോണിയെ ദേശീയ ബ്രാൻഡ് അംബാസഡറായി അവതരിപ്പിച്ചുകൊണ്ടുള്ള പ്രഖ്യാപന ചടങ്ങിൽ എജിഎം (ഔവേ) ജീൻ കണിയാമ്പുറം, സെയിൽസ് ജിഎം ടി നവീൻ കുമാർ,ജിഎം മാർക്കറ്റിംഗ് രോഹിത് നാഗ്പാൽ എന്നിവർ*

# എംവൈകെ ലാറ്റിക്രീറ്റ് എംഎസ് ധോണിയെ ദേശീയ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു

**കൊച്ചി:** 30 നവംബർ 2022: ഇന്ത്യൻ ടൈൽ ആൻഡ് സ്റ്റോൺ ഇൻസ്റ്റലേഷൻ ഉൽപ്പന്ന വിഭാഗത്തിലെ ലീഡറും ഏറ്റവും മികച്ച പ്രീമിയം ബ്രാൻഡുമായ എംവൈകെ ലാറ്റിക്രീറ്റ് , ഇന്ത്യൻ ക്രിക്കറ്റിലെ ഏറ്റവും വിജയപ്രദനായ വിക്കറ്റ് കീപ്പറും ക്യാപ്റ്റനുമായ എംഎസ് ധോണിയെ തങ്ങളുടെ ദേശീയ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. ഈ വ്യവസായ രംഗത്ത് സ്വാധീനം ചെലുത്തുന്നവരെയും ഉപഭോക്താക്കളെയും നൂതനമായ ടൈൽ ആൻഡ് സ്റ്റോൺ ഇൻസ്റ്റാളേഷൻ മാർഗ്ഗങ്ങളെ കുറിച്ച് ബോധവത്കരിക്കാനും മികച്ച ഗുണനിലവാരമുള്ളതും ഈടുനിൽക്കുന്നതുമായ ഉൽപ്പന്നങ്ങളിലൂടെ ലക്ഷ്യബോധം ഉണർത്താനും ധോണിയുടെ ആധികാരിക ശൈലി പ്രതിഫലിപ്പിക്കുന്ന ഒരു ആധുനികത ഉൾക്കൊള്ളിക്കാനുമുള്ള ബ്രാൻഡിന്റെ ശ്രമത്തിന്റെ ഭാഗമായാണ് എംഎസ് ധോണിയെ ദേശീയ ബ്രാൻഡ് അംബാസഡറായി അവതരിപ്പിച്ചുകൊണ്ടുള്ള ഈ പ്രഖ്യാപനം നടത്തിയത്. എംവൈകെ ലാറ്റിക്രീറ്റ് ഉയർന്ന നിലവാരമുള്ള ടൈൽ ആൻഡ് സ്റ്റോൺ ഇൻസ്റ്റാളേഷൻ ഉൽപ്പന്നങ്ങളുടെ നിർമ്മാതാവാണ്. 5 നിർമ്മാണ പ്ലാന്റുകൾ, 28 റീജിയണൽ ഓഫീസുകൾ, അത്യാധുനിക ആർ&ഡി പ്ലസ് പരിശീലന കേന്ദ്രം, ഇന്ത്യയിൽ ഉടനീളമുള്ള ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന 1000-ലധികം ജീവനക്കാർ എന്നിവ ഉൾപ്പെടുന്ന ഇതിന്റെ പ്രവർത്തനങ്ങൾ ഇന്ത്യയിൽ എങ്ങും പടർന്നു പന്തലിച്ചിരിക്കുന്നു. ടൈൽ പശകൾ, ടൈൽ ഗ്രൗട്ടുകൾ, സ്റ്റോൺ കെയർ ഉൽപ്പന്നങ്ങൾ, വാട്ടർപ്രൂഫിംഗ് എന്നിവ ഞങ്ങളുടെ ഉൽപ്പന്നങ്ങളിൽ ഉൾപ്പെടുന്നു. സ്റ്റാച്യു ഓഫ് യൂണിറ്റി, വാർ മെമ്മോറിയൽ, ജിഎംആർ ഷംഷാബാദ് എയർപോർട്ട്, ബാംഗ്ലൂർ ടി2 എയർപോർട്ട്, ഹൈദരാബാദ് മെട്രോ, ഹോട്ടൽ ഐടിസി കോഹനൂർ, കൊച്ചി ബോൾഗാട്ടിയിലെ ഗ്രാൻഡ് ഹയാത്ത് തുടങ്ങി നിരവധി പ്രോജക്ടുകളിൽ ഞങ്ങളുടെ ഉന്നത ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ വിജയകരമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.ഒരു നാഴികക്കല്ലായ ഈ സംരംഭത്തെ കുറിച്ച് എംവൈകെ ലാറ്റിക്രീറ്റ് മാനേജിംഗ് ഡയറക്ടർ മുരളി യാദാമ ഇങ്ങനെ പറഞ്ഞു: 'എംഎസ് ധോണിയെപ്പോലെ അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെടുന്ന ആദരണീയനായ ഒരു കായികതാരം എംവൈകെ ലാറ്റിക്രീറ്റ് കുടുംബത്തിന്റെ ഭാഗമാകുന്നത് തികച്ചും ആവേശകരമായ ഒരു അനുഭവമാണ്. ഉപഭോക്താക്കളുമായുള്ള ഭാവിയിലെ ഞങ്ങളുടെ എല്ലാ ഇടപഴകലുകളിലും അദ്ദേഹത്തെ ഉൾപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു. രാജ്യത്തിന്റെ മുക്കിലും മൂലയിലുമുള്ള ആളുകളുമായി ഞങ്ങളെ ബന്ധിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ്, മുമ്പെന്നത്തേക്കാളും ആളുകളുമായി ഞങ്ങളുടെ കാഴ്ചപ്പാട് പങ്കുവയ്ക്കാൻ എംവൈകെ ലാറ്റിക്രീറ്റ്നെ വളരെയേറെ സഹായിക്കും. 20 വർഷത്തിലേറെയായി, ഞങ്ങളുടെ ലോകോത്തര നിർമ്മാണ കേന്ദ്രങ്ങളിൽ നിന്നുള്ള നൂതന കണ്ടുപിടുത്തങ്ങൾ നിർമ്മാണ വ്യവസായത്തിൽ സ്വാധീനം ചെലുത്തുന്നവർക്ക് ഏറ്റവും ഇഷ്ടപ്പെട്ട ബ്രാൻഡായി മാറാൻ ഞങ്ങളെ സഹായിച്ചു. ഇപ്പോൾ ഉപഭോക്തൃ വിഭാഗത്തിലും അതേ സ്ഥിതിവിശേഷം സൃഷ്ടിക്കാനുള്ള ദൗത്യത്തിലാണ് ഞങ്ങൾ. ധോണിയുടെ പങ്കാളിത്തം ഞങ്ങളുടെ ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള ആദ്യപടിയാണ്.' ബ്രാൻഡ് അംബാസഡർ എംഎസ് ധോണി ഇങ്ങനെ കൂട്ടിച്ചേർത്തു: "നിർമ്മാണ രംഗത്തും നിർമ്മാണ സാമഗ്രികളുടെ വ്യവസായത്തിലും കമ്പനിക്ക് സമ്പന്നമായ ഒരു പാരമ്പര്യമുണ്ട്. അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച നൂതന ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ഈ വ്യവസായ രംഗത്ത് നിലവാരത്തിന്റെ മാനദണ്ഡങ്ങൾ സ്ഥാപിക്കുന്നതിൽ അവർ മുന്നിലാണ്. അവരുടെ ഉൽപ്പന്നങ്ങൾക്ക് അംഗീകാരം നൽകുന്നതിൽ ഞാൻ അഭിമാനിക്കുന്നു. ഒരുമിച്ചുനിന്ന് കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിച്ചേരാൻ കഴിയുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്."വിവിധ അംഗീകാരങ്ങളിലും സംരംഭങ്ങളിലും എംഎസ് ധോണിയെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ മാർഗ്ഗങ്ങളിലൂടെ കമ്പനി ഒരു സംയോജിത മാർക്കറ്റിംഗ് പ്രചരണപരിപാടി ആരംഭിച്ചിരിക്കുകയാണ്. *ടൈൽ പശയുടെയും ടൈൽ ഗ്രൗട്ടുകളുടെയും പ്രയോജനങ്ങൾ ബോധ്യപ്പെടുത്തുന്നു* എന്ന അടിസ്ഥാന തീമിൽ രാജ്യത്തുടനീളം നിരവധി ഭാഷകളിൽ അവതരിപ്പിക്കുന്ന ടിവി വാണിജ്യ പരസ്യങ്ങൾ, ഡിജിറ്റൽ കാമ്പെയ്നുകൾ, പ്രിന്റ് ചെയ്ത പരസ്യങ്ങൾ എന്നിവയുടെ ഒരു പരമ്പരതന്നെ ഈ സമഗ്ര പ്രചരണപരിപാടിയിൽ ഉൾപ്പെടുന്നു.




# വായ്പകളെ സംബന്ധിച്ച് ഇന്ത്യക്കാർക്കിടയിലെ അവബോധം വർധിച്ചതായി സിബിൽ റിപ്പോർട്ട്

**കൊച്ചി:** വായ്പകൾ സംബന്ധിച്ച് ഇന്ത്യക്കാർക്കിടയിലുള്ള സമഗ്രമായ അവബോധം വർധിച്ചതായി ട്രാൻസ്യൂണിയൻ സിബിലിൻറെ ?സിബിൽ ഫോർ എവരി ഇന്ത്യൻ? എന്ന റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. തങ്ങളുടെ വായ്പാ വിവരങ്ങൾ ആദ്യമായി സ്വയം പരിശോധിക്കുന്നവരുടെ എണ്ണം 2021 ഒക്ടോബർ മുതൽ 2022 സെപ്റ്റംബർ വരെയുള്ള കാലത്ത് 83 ശതമാനം വർധിച്ചതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. 2009-ൽ സിബിലിൻറെ ഡയറക്ട് ടു കൺസ്യൂമർ സേവനങ്ങൾ ആരംഭിച്ച ശേഷം 6.11 കോടി ഉപഭോക്താക്കളാണ് തങ്ങളുടെ വായ്പാ വിവരങ്ങൾ സ്വയം നിരീക്ഷിച്ചിട്ടുള്ളത്. 2021 ഒക്ടോബർ മുതൽ 2022 സെപ്റ്റംബർ വരെ 2.38 കോടി ഉപഭോക്താക്കൾ തങ്ങളുടെ വായ്പാ വിവരങ്ങൾ ആദ്യമായി നിരീക്ഷിക്കുന്നതിനായി രജിസ്റ്റർ ചെയ്യുകയുണ്ടായി. ഈ വർധനവിൻറെ 71 ശതമാനവും മെട്രോ ഇതര മേഖലകളിൽ നിന്നുമായിരുന്നു.തങ്ങളുടെ വായ്പാ വിവരങ്ങൾ സ്വയം നിരീക്ഷിക്കുന്ന വനിതകളുടെ കാര്യത്തിൽ ഇക്കാലയളവിൽ 88 ശതമാനം വർധനവാണുള്ളത്. സ്വയം നിരീക്ഷണം നടത്തുന്ന ഉപഭോക്താക്കളുടെ കാര്യത്തിൽ മെട്രോ ഇതര മേഖലകളിൽ 96 ശതമാനം വർധനവുണ്ടായപ്പോൾ മെട്രോ മേഖലകളിൽ 58 ശതമാനം വർധനവാണുണ്ടായതെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. രണ്ടോ അതിലധികമോ സജീവ വായ്പാ അക്കൗണ്ടുകൾ ഉള്ള ഉപഭോക്താക്കൾക്കിടയിലെ 68 ശതമാനം ഉപഭോക്താക്കൾ സ്വയം നിരീക്ഷണം നടത്തുന്നുണ്ട്.ഡിജിറ്റൽ സേവനങ്ങളുടെ വളർച്ച, സ്മാർട്ട് ഫോണുകൾ, ഇൻറർനെറ്റ് സാന്ദ്രത തുടങ്ങിയവ ചെറുപട്ടണങ്ങളിലും ഗ്രാമങ്ങളിലും വായ്പാ രംഗവുമായി ബന്ധപ്പെട്ട അവബോധം വർധിക്കുവാൻ സഹായകമായിട്ടുണ്ടെന്ന് ട്രാൻസ്യൂണിയൻ സിബിൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ രാജേഷ് കുമാർ പറഞ്ഞു. വിവിധ സാമ്പത്തിക സേവനങ്ങൾ മൽസരാധിഷ്ഠിതമായി മനസിലാക്കാൻ ഇക്കാര്യങ്ങൾ ജനങ്ങളെ സഹായിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

FILM WORLD






# വെദ്ദ തിയേറ്ററുകളിലേക്ക് ; ഡിസംബർ 2 ന് ചിത്രം തിയേറ്ററുകളിൽ എത്തും

ബെൻസി പ്രൊഡക്ഷൻസിന്റെ ബാനറിൽ കെ വി അബ്ദുൾ നാസർ നിർമ്മിച്ച് ആശ ശരത്ത് പ്രധാന വേഷത്തിലെത്തുന്ന വൈദ്ദ തീയേറ്ററുകളിലേക്ക്.ഡിസംബർ 2 ന് ചിത്രം തിയേറ്ററുകളിൽ എത്തും. ആശ ശരത്തും മകൾ ഉത്തര ശരത്തും പ്രധാന വേഷങ്ങളിൽ എത്തുന്ന സിനിമയെന്ന നിലയിൽ നേരത്തെ തന്നെ ശ്രദ്ധ നേടിയ സിനിമ ആയിരുന്നു വൈദ്ദ.ഒരു പക്കാ കുടുംബ ചിത്രമായാണ് വൈദ്ദയെ ഒരുക്കിയിരിക്കുന്നത് സിനിമയുടെ പുറത്തിറങ്ങിയ ട്രൈലെറിൽ നിന്നും ഗാനത്തിൽ നിന്നും മനസിലാക്കാൻ കഴിയും. അമ്മ മകൾ, ഭാര്യ ഭർതൃ ബന്ധങ്ങൾക്ക് പ്രാധാന്യം നൽകിയാണ് സിനിമയുടെ തിരക്കഥയും ഒരുക്കിയിരിക്കുന്നത്. സിനിമയിൽ ആശ ശരത്തിനും ഉത്തരക്കും പുറമെ സുദേവ് നായർ, സുധീർ കരമന, ജോളി ചിറയത്ത്, സരയു എന്നിവരും പ്രധാന വേഷങ്ങളിൽ എത്തുന്നു. മനോജ് കാനയാണ് സിനിമയുടെ സംവിധായകൻ.തിരക്കഥയും അദ്ദേഹത്തിന്റേത് തന്നെയാണ്. പ്രതാപ് പി നായർ കാമറ കൈകാര്യം ചെയ്യുന്നു. ബിജിപാലിന്റേതാണ് ആണ് പശ്ചാത്തല സംഗീതം. ശ്രീവത്സൻ ജെ മേനോന്റേതാണ് സംഗീതം. മനോജ് കുറൂറിന്റേതാണ് വരികൾ. ഒരുത്തി, ഓട്ടോറിക്ഷക്കാരന്റെ ഭാര്യ പോലുള്ള ഹിറ്റ് സിനിമകൾക്ക് ശേഷം ബെൻസി പ്രൊഡക്ഷൻസിന്റെ ബാനറിലെത്തുന്ന ചിത്രമെന്ന പ്രത്യേകതയും സിനിമയ്ക്കുണ്ട്. ബെൻസി പ്രൊഡക്ഷൻസ് തന്നെയാണ് ചിത്രം തിയേറ്ററുകളിൽ എത്തിക്കുന്നത്.




# സൗദി വെള്ളക്ക' ഡിസംബർ രണ്ടിന് തിയേറ്ററുകളിലെത്തും

'സൗദി വെള്ളക്ക' ഡിസംബർ രണ്ടിന് തിയേറ്ററുകളിലെത്തും. സൈബർ പോലീസുകാരുടെ കഥ പറഞ്ഞ 'ഓപ്പറേഷൻ ജാവ'യ്ക്ക് ശേഷം തരുൺ മൂർത്തി ഒരുക്കുന്ന സിനിമയായതിനാൽ തന്നെ കുന്നോളം പ്രതീക്ഷയാണ്. മാത്രമല്ല ചിത്രം കാണാൻ ഒട്ടനവധി കാരണങ്ങൾ വേറെയുമുണ്ട്.കഴിഞ്ഞ ദിവസം അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ ഇന്ത്യൻ പനോരമയിൽ ചിത്രം പ്രദർശിപ്പിച്ചപ്പോൾ നിലയ്ക്കാത്ത കയ്യടികളുമായാണ് പ്രേക്ഷകർ ഏറ്റെടുത്തത്. ഓപ്പറേഷൻ ജാവയ്ക്കും മുകളിലുള്ള തരുൺ മൂർത്തി ചിത്രമെന്നാണ് ഷോ കണ്ട ശേഷം പലരും സോഷ്യൽമീഡിയയിൽ കുറിച്ചത്. ക്ലീൻ യു സർട്ടിഫിക്കറ്റാണ് സിനിമയ്ക്ക് ലഭിച്ചിരിക്കുന്നത്. തൻറെ ആദ്യ സിനിമ തന്നെ സൂപ്പർ ഹിറ്റടിച്ച് ഞെട്ടിച്ച സംവിധായകനാണ് തരുൺ മൂർത്തി. ഓപ്പറേഷൻ ജാവ എന്ന തൻറെ ആദ്യ സിനിമയ്ക്ക് ശേഷം അതിൽ നിന്ന് തീർത്തും വ്യത്യസ്തമായ രീതിയിൽ ഒരുക്കിയിരിക്കുന്ന സൗദി വെള്ളക്ക സോഷ്യൽ ഡ്രാമ ജോണറിലുള്ള സിനിമയാണ്. രസകരവും കൗതുകം നിറഞ്ഞതുമായ ഒരു കേസും അതിന് പിന്നിൽ നിരവധിപേരുടെ ആകാംക്ഷ ജനിപ്പിക്കുന്ന യാത്രയുമാണ് സിനിമയുടെ പ്രമേയം. തരുൺ മൂർത്തി തന്നെയാണ് ചിത്രത്തിൻറെ തിരക്കഥയൊരുക്കി സംവിധാനം നിർവ്വഹിച്ചിരിക്കുന്നത്.ഓപ്പറേഷൻ ജാവയിൽ എഎസ്ഐ ജോയ് ആയെത്തിയ ബിനു പപ്പുവും വിനയദാസനായെത്തിയ ലുക്മാൻ അവറാനും ശ്രദ്ധേയമായ വേഷത്തിൽ സൗദി വെള്ളക്കയിലും ഉണ്ട്. ഇവരെ കൂടാതെ സിദ്ധാർഥ് ശിവ, സുജിത്ത് ശങ്കർ, ഗോകുലൻ, റിയ സെയ്റ, ധന്യ, അനന്യ എന്നിവർക്കൊപ്പം ശക്തമായ പ്രാധാന്യത്തോടെയുള്ള വേഷങ്ങളിൽ ഒട്ടനവധി പേരുമുണ്ട്. അവരിൽ പ്രധാനമായും ജൂനിയർ ആർട്ടിസ്റ്റ് വേഷങ്ങൾ ചെയ്തിരുന്ന മലയാള സിനിമയിലെ അനേകം പ്രഗത്ഭ കലാകാരികളും കലാകാരന്മാരുമാണ്. ഇവരൊക്കെ ഈ ചിത്രത്തിൽ ഞെട്ടിക്കുമെന്നുറപ്പാണ്.മലയാളത്തിൽ അത്ര കണ്ടു പരിചയമില്ലാത്ത റിയലിസ്റ്റിക് കോടതിയും ഈ സിനിമയിൽ കാണാനാകും. ഇതിനായി യഥാർത്ഥ പോലീസുകാരും അഭിഭാഷകരും തന്നെ സിനിമയുടെ സെറ്റിൽ ഉണ്ടായിരുന്നു എന്നതുകൂടി ഓർക്കണം. ചിത്രത്തിലെ ശ്രദ്ധേയ കഥാപാത്രമായ മജിസ്ട്രേറ്റിൻറെ വേഷം കൈകാര്യം ചെയ്തിരിക്കുന്നത് മമ്മൂട്ടി ചിത്രമായ മനു അങ്കിളിലെ കേന്ദ്രകഥാപാത്രങ്ങളായ നാല് കുട്ടികളിലൊരാളായി അഭിനയിച്ച കുര്യൻ ചാക്കോയാണ്. മനു അങ്കിളിൽ നാൽവർ കുട്ടി സംഘത്തിൻറെ ലീഡറായിരുന്ന ലോതർ എന്ന കഥാപാത്രത്തെ അവതരിപ്പിച്ചത് കുര്യൻ ചാക്കോയായിരുന്നു. നീണ്ട 34 വർഷങ്ങൾക്ക് ശേഷമാണ് സൗദി വെള്ളക്ക എന്ന ചിത്രത്തിലൂടെ അദ്ദേഹം വീണ്ടും സിനിമാലോകത്ത് സജീവമാകുന്നത്.ഉർവശി തീയേറ്റേഴ്സിൻറെ ബാനറിൽ സന്ദീപ് സേനൻ നിർമിച്ചതാണ് സിനിമ. ദേശീയ പുരസ്കാരം നേടിയ തൊണ്ടിമുതലും ദൃക്സാക്ഷിയും, ബിജു മേനോൻ നായകനായ സത്യം പറഞ്ഞാ വിശ്വസിക്കുവോ തുടങ്ങിയ സിനിമകൾക്ക് ശേഷം സന്ദീപ് സേനൻ നിർമ്മിക്കുന്ന സിനിമ കൂടിയാണിത്. ഹരീന്ദ്രൻ ആണ് ചിത്രത്തിൻറെ സഹ നിർമാതാവ്. നിഷാദ് യൂസഫ് ചിത്രസംയോജനം നിർവഹിക്കുന്ന ഈ ചിത്രത്തിന് സംഗീതമൊരുക്കുന്നത് പാലി ഫ്രാൻസിസ് ആണ്. ശരൺ വേലായുധൻ ആണ് ചിത്രത്തിൻറെ ഛായാഗ്രാഹകൻ.ശബ്ദ രൂപകല്പന: വിഷ്ണു ഗോവിന്ദ്, ശ്രീ ശങ്കർ (സൗണ്ട് ഫാക്ടർ), ശബ്ദമിശ്രണം: വിഷ്ണു ഗോവിന്ദ് (സൗണ്ട് ഫാക്ടർ), രചന: അൻവർ അലി, ജോ പോൾ, എക്സിക്യുട്ടീവ് പ്രൊഡ്യൂസർ: സംഗീത് സേനൻ, കളറിസ്റ്റ്: ലിജു പ്രഭാകർ, കലാസംവിധാനം: സാബു മോഹൻ, വസ്ത്രാലങ്കാരം: മഞ്ജുഷ രാധാകൃഷ്ണൻ, ചമയം: മനു മോഹൻ, പ്രൊഡക്ഷൻ കൺട്രോളർ: ജിനു പി.കെ, ചീഫ് അസോസിയേറ്റ്: ബിനു പപ്പു, സ്ക്രിപ്റ്റ് അസിസ്റ്റൻറ്: ധനുഷ് വർഗീസ്, കാസ്റ്റിങ് ഡയറക്ടർ: അബു വളയംകുളം, വിഎഫ്എക്സ് എസെൽ മീഡിയ, സ്റ്റിൽസ്: ഹരി തിരുമല, പി.ആർ.ഒ: മഞ്ജു ഗോപിനാഥ്, വാഴൂർ ജോസ്, പരസ്യകല: യെല്ലോ ടൂത്ത്, മാർക്കറ്റിംഗ് സ്നേക്ക് പ്ലാൻറ്.



# ആധികാരികം അർജന്റീന; ഒന്നാം സ്ഥാനക്കാരായി പ്രീ ക്വാർട്ടറിൽ

ഖത്തർ ലോകകപ്പിലെ തങ്ങളുടെ ആദ്യ കളിയിൽ സൗദിയോട് പരാജയപ്പെട്ട അർജന്റീന വിമർശകരുടെ വായടപ്പിച്ച് ആധികാരികമായി പ്രീ ക്വാർട്ടറിൽ പ്രവേശിച്ചു. ഗോളടിക്കാൻ മറന്ന ആദ്യപകുതിയുടെ ക്ഷീണം തീർത്ത് രണ്ടാം പകുതിയിൽ നേടിയ രണ്ട് ഗോൾ ബലത്തിലായിരുന്നു അർജന്റീനയുടെ മുന്നേറ്റം. ഈ മത്സരത്തിൽ ചിത്രത്തിലില്ലാത്ത വിധം നിറംമങ്ങിപ്പോയ പോളണ്ട് രണ്ടാം സ്ഥാനക്കാരായി പ്രീക്വാർട്ടർ യോഗ്യത നേടി. കളിയുടെ 73 ശതമാനം സമയവും പന്ത് കൈവശം വെച്ച അർജന്റീന പോളണ്ടിനെ അക്ഷരാർത്ഥത്തിൽ തകർക്കുകയായിരുന്നു.ഗോൾ അകന്നുനിന്ന ആദ്യ പകുതിയിലെ നിരാശ മുഴുവൻ മറികടന്ന് അർജന്റീന മത്സരത്തിന്റെ 46ാം മിനിറ്റിൽ അലക്സിസ് മക് അലിസ്റ്ററിലൂടെയാണ് ആദ്യ ഗോൾ സ്വന്തമാക്കിയത്. തുടർന്ന് 68ാം മിനിറ്റിൽ ആൽവരസാണ് അർജന്റീനയ്ക്കായി മിന്നുന്ന രണ്ടാം ഗോൾ നേടിയത്.കടുത്ത പ്രതിരോധം തീർത്ത പോളണ്ടിന്റെ പ്രതീക്ഷകളാകെ തകർക്കുന്നതായിരുന്നു രണ്ടാംപകുതിയിലെ രണ്ടു ഗോളുകളും. മത്സരത്തിന്റെ തുടക്കം മുതൽ ആക്രമിച്ച് കളിച്ച അർജന്റീന പോളണ്ടിന് മേൽ ആധിപത്യം നേടിയിട്ടും ആദ്യപകുതിയിൽ ഗോൾ മാത്രം അകന്നുനിന്നിരുന്നു. മത്സരത്തിൽ അർജന്റീനയ്ക്ക് ലഭിച്ച പെനാൽറ്റി മെസി പാഴാക്കുകയും ചെയ്തു.മത്സരത്തിൽ പോളണ്ടിനെതിരെ 23 ഷോട്ടുകളാണ് അർജന്റീന ഉതിർത്തത്. ഇതിൽ 12 എണ്ണം ഓൺ ടാർഗെറ്റുമായിരുന്നു. ആദ്യ 45 മിനിറ്റിൽ ഗോൾ നേടാൻ അർജന്റീനയ്ക്ക് സാധിക്കാത്തത് ആരാധകർക്കിടയിൽ നിരാശ പടർത്തിയിരുന്നു. മത്സരം സമനിലയിൽ കലാശിച്ചിരുന്നെങ്കിൽ അർജന്റീനയ്ക്ക് സൗദ്യ അറേബ്യ- മെക്സിക്കോ മത്സരഫലത്തെ ആശ്രയിക്കേണ്ടി വരുമായിരുന്നു.





# ഓസ്ട്രേലിയ പ്രീക്വാർട്ടറിലേക്ക്

ഗ്രൂപ്പ് ഡിയിലെ നിർണായക മത്സരത്തിൽ ഡെന്മാർക്കിനെ എതിരില്ലാത്ത ഒരു ഗോളിന് തകർത്ത് ഓസ്ട്രേലിയയും. ഫ്രാൻസിനെതിരെ ടുണീഷ്യയ്ക്ക് ഒരു ഗോളിന്റെയും ജയം.ആദ്യ രണ്ട് മത്സരങ്ങളും വിജയിച്ച ഫ്രാൻസ് നേരത്തേ പ്രീ ക്വർട്ടറിലേക്ക് പ്രവേശനം നേടിയിരുന്നു.ജയത്തോടെ ഗ്രൂപ്പിൽ രണ്ടാം സ്ഥാനക്കാരായി ഓസ്ട്രേലിയ പ്രീക്വാർട്ടറിലേക്ക് യോഗ്യത നേടി. 60ാം മിനിറ്റിൽ മാത്യു ലെക്കിയാണ് ആസ്ട്രേലിയക്കായി ഗോൾ നേടിയത്. മെക്ക്ഗ്രീ നൽകിയ പന്ത് ഡെന്മാർക്ക് പ്രതിരോധനിരക്കാരെയും ഗോൾകീപ്പറെയും മറികടന്ന് ലെക്കി വലയിലാക്കുകയായിരുന്നു.പ്രീക്വാർട്ടർ ഉറപ്പിച്ചിരിക്കെ പ്രമുഖരില്ലാത്ത ഇലവനെയിറക്കിയ ഫ്രാൻസിനെ ഒരു ഗോളിന് തോൽപ്പിച്ച് ടുണീഷ്യയ്ക്ക് മടക്കം.58ാം മിനിറ്റിൽ ഖസ്രിയിലൂടെ ടുണീഷ്യ ആദ്യ ഗോൾ നേടുകയായിരുന്നു. തുടർന്ന് 63ാം മിനുട്ടിൽ ഫ്രാൻസ് എംബാപ്പെയെ കളത്തിലിറക്കിയെങ്കിലും മത്സരം തോൽവിയിൽ കലാശിച്ചു. കോമാന് പകരമാണ് സ്റ്റാർ സ്ട്രൈക്കർ ഇറങ്ങിയത്.



# സൗദി അറേബ്യയെ തകർത്തിട്ടും പ്രീക്വാർട്ടർ കാണാതെ മെക്സിക്കോ

2022 ഖത്തർ ലോകകപ്പ് ഗ്രൂപ്പ് സിയിൽ മെക്സിക്കോ സൗദി അറേബ്യയെ തകർത്തു. ഒന്നിനെതിരെ രണ്ടു ഗോളുകൾക്കാണ് മെക്സിക്കോയുടെ ജയം. മത്സരത്തിൽ വിജയിച്ചെങ്കിലും പ്രീ കോർട്ടർ കാണാതെ പുറത്തായിരിക്കുകയാണ് മെക്സിക്കോ. 47ാം മിനിറ്റിൽ ഹെൻഡ്രി മാർട്ടിനും 52ാം മിനിറ്റിൽ ഫ്രീകിക്കിലൂടെ ലൂയിസ് ചാവേസുമാണ് മെക്സിക്കോക്കായി ഗോൾ നേടിയത്. സലേം അൽ ദവ്സാരിയാണ് സൗദിക്കായി ഇൻജറി ടൈമിൽ ഗോൾ നേടിയത്. മെക്സിക്കൻ മുന്നേറ്റമാണ് ആദ്യ പകുതിയിൽ കണ്ടത്. എന്നാൽ ഗോൾ മാത്രം കണ്ടെത്താനായില്ല. ആദ്യ പകുതിയിൽ 11 ഷോട്ടുകളാണ് മെക്സിക്കോ ഉതിർത്തത്. കളി തുടങ്ങി മൂന്നാം മിനിറ്റിൽ അലക്സിസ് വെഗയുടെ ഗോളെന്നുറച്ച ഷോട്ട് സൗദി ഗോൾകീപ്പർ മുഹമ്മദ് അൽ ഒവൈസ് തടയുകയായിരുന്നു. ഏഴാം മിനിറ്റിൽ ഹെൻഡ്രി മാർട്ടിൻറെ ശ്രമവും 26 ാം മിനിറ്റിൽ ലൊസാനോയുടെ ശ്രമവും ഒവൈസിന് മുന്നിൽ നിഷ്പ്രഭമായി.അതേസമയം, ഖത്തർ ലോകകപ്പിലെ തങ്ങളുടെ ആദ്യ കളിയിൽ സൗദിയോട് പരാജയപ്പെട്ട അർജന്റീന വിമർശകരുടെ വായടപ്പിച്ച് ആധികാരികമായി പ്രീ ക്വാർട്ടറിൽ പ്രവേശിച്ചു. ഗോളടിക്കാൻ മറന്ന ആദ്യപകുതിയുടെ ക്ഷീണം തീർത്ത് രണ്ടാം പകുതിയിൽ നേടിയ രണ്ട് ഗോൾ ബലത്തിലായിരുന്നു അർജന്റീനയുടെ മുന്നേറ്റം. ഈ മത്സരത്തിൽ ചിത്രത്തിലില്ലാത്ത വിധം നിറംമങ്ങിപ്പോയ പോളണ്ട് രണ്ടാം സ്ഥാനക്കാരായി പ്രീക്വാർട്ടർ യോഗ്യത നേടി. കളിയുടെ 73 ശതമാനം സമയവും പന്ത് കൈവശം വെച്ച അർജന്റീന പോളണ്ടിനെ അക്ഷരാർത്ഥത്തിൽ തകർക്കുകയായിരുന്നു.ഗോൾ അകന്നുനിന്ന ആദ്യ പകുതിയിലെ നിരാശ മുഴുവൻ മറികടന്ന് അർജന്റീന മത്സരത്തിന്റെ 46ാം മിനിറ്റിൽ അലക്സിസ് മക് അലിസ്റ്ററിലൂടെയാണ് ആദ്യ ഗോൾ സ്വന്തമാക്കിയത്. തുടർന്ന് 68ാം മിനിറ്റിൽ ആൽവരസാണ് അർജന്റീനയ്ക്കായി മിന്നുന്ന രണ്ടാം ഗോൾ നേടിയത്.കടുത്ത പ്രതിരോധം തീർത്ത പോളണ്ടിന്റെ പ്രതീക്ഷകളാകെ തകർക്കുന്നതായിരുന്നു രണ്ടാംപകുതിയിലെ രണ്ടു ഗോളുകളും. മത്സരത്തിന്റെ തുടക്കം മുതൽ ആക്രമിച്ച് കളിച്ച അർജന്റീന പോളണ്ടിന് മേൽ ആധിപത്യം നേടിയിട്ടും ആദ്യപകുതിയിൽ ഗോൾ മാത്രം അകന്നുനിന്നിരുന്നു. മത്സരത്തിൽ അർജന്റീനയ്ക്ക് ലഭിച്ച പെനാൽറ്റി മെസി പാഴാക്കുകയും ചെയ്തു.മത്സരത്തിൽ പോളണ്ടിനെതിരെ 23 ഷോട്ടുകളാണ് അർജന്റീന ഉതിർത്തത്. ഇതിൽ 12 എണ്ണം ഓൺ ടാർഗെറ്റുമായിരുന്നു. ആദ്യ 45 മിനിറ്റിൽ ഗോൾ നേടാൻ അർജന്റീനയ്ക്ക് സാധിക്കാത്തത് ആരാധകർക്കിടയിൽ നിരാശ പടർത്തിയിരുന്നു. മത്സരം സമനിലയിൽ കലാശിച്ചിരുന്നെങ്കിൽ അർജന്റീനയ്ക്ക് സൗദ്യ അറേബ്യ- മെക്സിക്കോ മത്സരഫലത്തെ ആശ്രയിക്കേണ്ടി വരുമായിരുന്നു.

# ലോകകപ്പിൽ ചരിത്രനിമിഷം; പുരുഷന്മാരെ നിയന്ത്രിക്കാൻ വനിതാ സംഘം

ഖത്തർ ലോകകപ്പിൽ പുതുചരിത്രമെഴുതാൻ തയ്യാറെടുത്ത് ഫ്രഞ്ച് റഫറി സ്റ്റെഫാനി ഫ്രാപ്പാർട്ട്. വ്യാഴാഴ്ച നടക്കുന്ന ജർമ്മനി-കോസ്റ്ററിക്ക മത്സരത്തോടെ സ്റ്റെഫാനി പുരുഷ ലോകകപ്പ് നിയന്ത്രിക്കുന്ന ആദ്യ വനിതയാകും. അൽ ബൈത്ത് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ അസിസ്റ്റന്റ് റഫറിമാരായ ബ്രസീലിന്റെ നുജ ബാക്ക്, മെക്സിക്കോയുടെ കാരെൻ ഡയസ് മദീന എന്നിവരും ഫ്രാപ്പാർട്ടിനെ സഹായിക്കും.ഒരു പുരുഷ ലോകകപ്പ് മത്സരത്തിന്റെ ചുമതല വനിതാ ഓൺ-ഫീൽഡ് റഫറിയിംഗ് ടീം ഏറ്റെടുക്കുമ്പോൾ അൽ ബൈത്ത് സ്റ്റേഡിയത്തിൽ പിറക്കുന്നത് ചരിത്രം. 38 കാരി സ്റ്റെഫാനി ഫുട്ബോൾ ചരിത്രത്തിൽ തന്റെ പേര് ചേർക്കുന്നത് ഇതാദ്യമല്ല. പോളണ്ട്-മെക്സിക്കോ മത്സരത്തിൽ സ്റ്റെഫാനി അസിസ്റ്റന്റ് റഫറിയായി മത്സരം നിയന്ത്രിച്ചു. ലീഗ് 1, യുവേഫ ചാമ്പ്യൻസ് ലീഗ് മത്സരങ്ങളിൽ റഫറിയാകുന്ന ആദ്യ വനിത കൂടിയാണ് ഫ്രാപ്പാർട്ട്."പുരുഷന്മാരുടെ ലോകകപ്പ് ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട കായിക ഇനമാണ്, ഫ്രാൻസിലും യൂറോപ്പിലും റഫറിയായി ആദ്യം വന്നത് ഞാനാണ്, കളി എങ്ങനെ കൈകാര്യം ചെയ്യണമെന്ന് എനിക്കറിയാം...' കോസ്റ്ററിക്കയും ജർമ്മനിയും തമ്മിലുള്ള മത്സരത്തെക്കുറിച്ച് സ്റ്റെഫാനി ഫ്രാപ്പാർട്ട് പറയുന്നു. "അവരെ തെരഞ്ഞെടുത്തത് സ്ത്രീകളായതുകൊണ്ടല്ല, അവർ ഫിഫ റഫറിമാരായയാണ്, അവർക്ക് ഏത് കളിയും നിയന്ത്രിക്കാനാകും" ലോകകപ്പിന് മുമ്പ് ഫിഫ റഫറി കമ്മിറ്റി ചെയർമാൻ പിയർലൂജി കോളിന വനിതാ റഫറിമാരെ കുറിച്ച് വ്യക്തമാക്കിയിരുന്നു.2019ൽ ചെൽസിയും ലിവർപൂളും തമ്മിൽ നടന്ന യുവേഫ കപ്പ് സൂപ്പർ ഫൈനലിലും സ്റ്റെഫാനി റഫറിയായിട്ടുണ്ട്. പതിമൂന്നാം വയസിലാണ് സ്റ്റെഫാനി റഫറിയാവുന്നത്. 18 വയസിൽ അണ്ടർ 19 നാഷണൽ മത്സരങ്ങളിൽ അവർ റഫറിയായി. 2014ൽ ലീഗ് 2 നിയന്ത്രിക്കുന്ന ആദ്യ വനിതാ റഫറിയായി മാറിയിരുന്നു. 2015 ലെ വനിതാ ലോക കപ്പിലും സ്റ്റെഫാനി റഫറിയായിരുന്നു. 2019, 2020, 2021 വർഷങ്ങളിൽ മികച്ച വനിതാ റഫറിക്കുള്ള ലോക പുരസ്കാരം സ്റ്റെഫാനിയെ തേടിയെത്തിയിരുന്നു.




RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com